# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2020 മാർച്ച് 13, വെള്ളി

**നമ്പർ 219**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

ചരമോപചാരം :

മുൻ കേരള ഗവർണർ എച്ച്. ആർ. ഭരദ്വാജ്, മുൻ നിയമസഭാംഗം ടി. നാണു മാസ്റ്റർ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു

അടിയന്തരപ്രമേയം:

കോവിഡ് 19-രോഗവ്യാപനം സംബന്ധിച്ച് ജനങ്ങളിൽ ഉണ്ടായിട്ടുള്ള ഭീതിയും ആശങ്കയും ലഘൂകരിക്കുന്നതിനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായ ഗുരുതര സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീറും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നൽകുകയും ചർച്ചയ്ക്കെടുക്കുകയും ചെയ്തു.

"സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന പ്രമേയം ഡോ. എം. കെ. മുനീർ അവതരിപ്പിച്ച് സംസാരിച്ചു.

താഴെപ്പറയുന്ന അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. രാജു എബ്രഹാം

ശ്രീ. അനിൽ അക്കര

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. മാത്യു ടി. തോമസ്

504/2020(i).

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. സജി ചെറിയാൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മറുപടി നൽകി.

പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

<u>മേശപ്പുറത്തു വച്ച കടലാസുകൾ :</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വച്ചു.

*i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:*

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനം | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 74/2020 | ജി.ഒ.(എംഎസ്.) നമ്പർ 33/2020/ഹോം. | 28-1-2020 |
| 2 | 88/2020 | ജി.ഒ.(എംഎസ്.) നമ്പർ 34/2020/ഹോം. | 28-1-2020 |
| 3 | 90/2020 | ജി.ഒ.(പി) നമ്പർ 5/2020/ഹോം. | 29-1-2020 |
| 4 | 124/2020 | ഹോം-എസ്.എസ്.എ 2/278/2019-ഹോം. | 15-2-2020 |
| 5 | 153/2020 | ജി.ഒ.(എംഎസ്.) നമ്പർ 53/2020/ഹോം. | 25-2-2020 |
| 6 | 97/2020 | ജി.ഒ.(പി) നമ്പർ 8/2020/ആർഡി. | 4-2-2020 |

| | | | |
|---|---|---|---|
| 7 | 105/2020 | ജി.ഒ.(പി) നമ്പർ 11/2020/ആർഡി. | 10-2-2020 |
| 8 | 72/2020 | ജി.ഒ.(പി) നമ്പർ 1/2020/എഫ്&പിഡി. | 4-1-2020 |
| 9 | 89/2020 | ജി.ഒ.(പി) നമ്പർ 12/2020/ടാക്സസ് | 1-2-2020 |
| 10 | 91/2020 | ജി.ഒ.(പി) നമ്പർ 14/2020/ടാക്സസ് | 1-2-2020 |
| 11 | 92/2020 | ജി.ഒ.(പി) നമ്പർ 16/2020/ടാക്സസ് | 1-2-2020 |
| 12 | 93/2020 | ജി.ഒ.(പി) നമ്പർ 18/2020/ടാക്സസ് | 1-2-2020 |
| 13 | 94/2020 | ജി.ഒ.(പി) നമ്പർ 15/2020/ടാക്സസ് | 1-2-2020 |
| 14 | 95/2020 | ജി.ഒ.(പി) നമ്പർ 17/2020/ടാക്സസ് | 1-2-2020 |
| 15 | 96/2020 | ജി.ഒ.(പി) നമ്പർ 13/2020/ടാക്സസ് | 1-2-2020 |
| 16 | 106/2020 | സ.ഉ.(പി) നമ്പർ 22/2020/നിവ. | 6-2-2020 |
| 17 | 108/2020 | ജി.ഒ.(പി) നമ്പർ 20/2020/ടാക്സസ് | 6-2-2020 |
| 18 | 109/2020 | ജി.ഒ.(പി) നമ്പർ 21/2020/ടാക്സസ് | 6-2-2020 |
| 19 | 85/2020 | ജി.ഒ.(ആർ.റ്റി) നമ്പർ 26/2020/ലോ. | 6-1-2020 |
| 20 | 110/2020 | ജി.ഒ.(ആർ.റ്റി) നമ്പർ 25/2020/ലോ. | 6-1-2020 |
| 21 | 33/2020 | സ.ഉ.(അച്ചടി)) നമ്പർ 1/2020/സാനീവ. | 6-1-2020 |
| 22 | 67/2020 | ജി.ഒ.(പി) നമ്പർ 06/2020/റ്റിഡി. | 23-1-2020 |
| 23 | 471/2019 | ജി.ഒ.(പി) നമ്പർ 63/2019/എൽബിആർ. | 22-6-2019 |
| 24 | 130/2020 | ജി.ഒ.(പി) നമ്പർ 22/2020/എൽബിആർ. | 7-2-2020 |
| 25 | 400/2019 | ജി.ഒ.(പി) നമ്പർ 56/2019/കോ-ഓപ്. | 24-5-2019 |
| 26 | 38/2020 | ജി.ഒ.(പി) നമ്പർ 105/2019/കോ-ഓപ്. | 1-10-2019 |
| 27 | 55/2020 | ജി.ഒ.(പി) നമ്പർ 2/2020/കോ-ഓപ്. | 13-1-2020 |
| 28 | 79/2020 | ജി.ഒ.(പി) നമ്പർ 3/2020/കോ-ഓപ്. | 14-1-2020 |
| 29 | 81/2020 | ജി.ഒ.(പി) നമ്പർ 6/2020/കോ-ഓപ്. | 21-1-2020 |
| 30 | 585/2019 | ജി.ഒ.(പി) നമ്പർ 10/2019/ എഫ്&ഡബ്ല്യുഎൽഡി. | 27-8-2019 |
| 31 | 112/2020 | ജി.ഒ.(പി) നമ്പർ 3/2020/പവർ. | 5-2-2020 |

*ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ട് | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) | 2018-19 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും |
| 2 | കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് ലിമിറ്റഡ് | 2016-17<br>2017-18 | വാർഷിക റിപ്പോർട്ട് |
| 3 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | ഭരണ റിപ്പോർട്ട് |

*iii. നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്റ്റുകൾ:*

| ക്രമ നമ്പർ | ആക്റ്റ് | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2020 | 1 | 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റ് |
| 2 | 2020 | 2 | 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 3 | 2020 | 3 | 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |

*iv.ചട്ടം 47(2) പ്രകാരം കാലതാമസപത്രിക സഹിതം താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ :*

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 14 | 10 | 3662 |
| 14 | 14 | 2525 |
| 14 | 16 | 411, 500, 797, 4092, 4117 |
| 14 | 18 | 395, 481 |

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

1. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ചെയർമാനായ ശ്രീ. എസ്. ശർമ്മ കമ്മിറ്റിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിച്ചു

2. പിന്നോക്കസമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ശ്രീ. ചിറ്റയം ഗോപകുമാർ സമിതിയുടെ ഏഴുമുതൽ പത്തുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

3. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2020 മാർച്ച് 13-ന് രാവിലെ 8.30-ന് ചേർന്ന കാര്യോപദേശകസമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിച്ചു

<u>റിപ്പോർട്ട് പരിഗണന :</u>

കാര്യോപദേശക സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ചു.

റിപ്പോർട്ടിനോട് സഭ വിയോജിക്കുന്നുവെന്ന ഉപക്ഷേപവും റിപ്പോർട്ട് അതേ കമ്മിറ്റിക്ക് മടക്കി അയക്കണമെന്ന ഭേദഗതിയും ശ്രീ. എം. ഉമ്മർ, ശ്രീ. കെ. സി. ജോസഫ് എന്നിവർ അവതരിപ്പിച്ചു.

താഴെ പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു

1. ശ്രീ. പി. ടി. തോമസ്
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
3. ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷ നേതാവ്
4. ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

ചർച്ചയിൽ ഉന്നയിച്ച കാര്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മറുപടി നൽകി. ഭേദഗതികൾ സഭ തള്ളുകയും കാര്യോപദേശകസമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സഭ അംഗീകരിക്കുകയും ചെയ്തു.

(സഭാനടപടികൾ വെട്ടിച്ചുരുക്കി അന്നേ ദിവസം തന്നെ സഭ താൽക്കാലികമായി പിരിയണമെന്ന കാര്യോപദേശക സമിതി ശിപാർശ സഭ അംഗീകരിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ചു)

**ചട്ടം 300 പ്രകാരമുള്ള പ്രസ്താവന:**

ചട്ടം 300 അനുസരിച്ചുള്ള താഴെപ്പറയുന്ന പ്രസ്താവന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മേശപ്പുറത്തുവച്ചു.

കേരള വികസനത്തിൽ സുസ്ഥിരത കൈവരിക്കുകയും മുന്നോട്ടുള്ള പാതയിൽ എല്ലാ വിഭാഗം ആളുകളെയും ഒപ്പം ചേർക്കുകയും വരുംതലമുറയെ നാളത്തെ വെല്ലുവിളികൾ നേരിടാൻ സജ്ജരാക്കുകയും ചെയ്യുകയെന്ന വിശാലമായ ലക്ഷ്യം മുൻനിർത്തിയാണ് നവകേരളം കർമ്മ പദ്ധതി എന്ന പൊതുവായ പ്രവർത്തന പരിപാടിക്കും അതിനുള്ളിലായി ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം, ലൈഫ് എന്നിങ്ങനെ നാല് മിഷനുകൾക്കും സർക്കാർ രൂപംകൊടുത്തത്. ഇതിൽ സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ ഭവനരഹിതരുടെ പുനരധിവാസം മുൻനിർത്തി പ്രവർത്തിച്ച LIFE മിഷൻ നിലവിൽ രണ്ടുലക്ഷത്തിലേറെ കുടുംബങ്ങൾക്ക് വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക എന്ന വലിയൊരു നാഴികക്കല്ല് പിന്നിട്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ ഏറ്റവുമധികം പിന്നോക്കാവസ്ഥയിലുള്ള വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതത്തിന് സുരക്ഷയും സമാധാനവും പകരുന്ന പ്രവർത്തനമെന്ന നിലയ്ക്ക് മറ്റെല്ലാ വ്യത്യാസങ്ങൾക്കും അപ്പുറത്ത് എല്ലാവരും ഒന്നിച്ചുനിന്ന് നടപ്പാക്കേണ്ട പ്രവർത്തനമാണ് LIFE മിഷൻ ഭവനപദ്ധതി. എന്നാൽ ഇത്തരത്തിലൊരു നേട്ടം ഇക്കാര്യത്തിൽ സംസ്ഥാനത്തിന് കൈവരിക്കാനായ അവസരത്തിലും അതുസംബന്ധിച്ച് പലതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പല കോണിൽനിന്നും ഉയരുകയുണ്ടായി. ഈ സാഹചര്യത്തിൽ LIFE മിഷൻ ഭവന പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച പ്രസ്താവന ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

പശ്ചാത്തലം

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യർക്ക് ഏറ്റവും പ്രധാനമായ ആവശ്യമാണ് പാർപ്പിടം. അത് വെയിലും മഴയുമേല്ക്കാതിരിക്കാനുള്ള സങ്കേതം മാത്രമല്ല, സുരക്ഷിതവും മാന്യവുമായ ജീവിതത്തിനുള്ള അടിസ്ഥാനവും സമൂഹത്തിന്റെ പൊതുനന്മയ്ക്കും പുരോഗതിക്കുമായുള്ള പ്രവർത്തനങ്ങളിൽ ക്രിയാത്മക പങ്കാളികളാകുന്ന നല്ല പൗരജനങ്ങളായി നമ്മുടെ ജനതയെ നിലനിർത്താൻ സഹായിക്കുന്ന സാമൂഹികഘടകവും കൂടിയാണ്. അതുകൊണ്ടുതന്നെ എല്ലാവർക്കും സുരക്ഷിതമായ വീടുകളുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ട് എന്ന ബോധ്യത്തിൽ നിന്നാണ് ഈ സർക്കാർ LIFE മിഷൻ ഭവന പദ്ധതിക്ക് രൂപം നൽകിയത്.

ആരോഗ്യ സേവനങ്ങളും വിദ്യാഭ്യാസ സൗകര്യവും ഗ്രാമ-നഗര വ്യത്യാസമില്ലാതെ സംസ്ഥാനത്ത് എവിടെയും ലഭ്യമാക്കുന്നതിനും ന്യായമായ ചെലവിൽ ഗുണമേന്മയോടുകൂടി ഈ സേവനങ്ങൾ എല്ലാ പൗരജനങ്ങൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പാക്കാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിവിധ വകുപ്പുകൾ വഴിയായി ഓരോ വർഷവും ഭവന പദ്ധതികൾ നടപ്പാക്കിയിരുന്നിട്ടും എല്ലാവർക്കും സുരക്ഷിതമായും നിർഭയമായും ജീവിക്കാനാകുന്ന വീടുകളുണ്ടെന്ന് ഉറപ്പാക്കുക എത്തിപ്പിടിക്കാനാകാത്ത പ്രശ്നമായി തുടരുന്ന നിലയാണ് കേരളം നേരിട്ടിരുന്നത്. കേരളത്തിന്റെ ഭവനവത്കരണരംഗം വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന മേഖലയാണെന്നതും ആ പ്രശ്നങ്ങളെ ശരിയായി വിലയിരുത്തുകയും വ്യതിരിക്തമായ ഓരോ പ്രശ്നങ്ങൾക്കും തനതായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ സമഗ്രമായ പരിഹാരം സാദ്ധ്യമാകൂ എന്നതുമായിരുന്നു അതിന് കാരണം. അതുകൊണ്ടുതന്നെ ഭവനവത്കരണമെന്ന ലക്ഷ്യത്തിനുപരിയായ ഒരു സമഗ്രപരിപാടിയായാണ് LIFE മിഷൻ പദ്ധതി രൂപീകരിച്ചത്.

<u>സമീപനം</u>

കേരളത്തിലുള്ള ആകെ കുടുംബങ്ങളിൽ 28.4% കുടുംബങ്ങൾ വാസയോഗ്യമെന്ന് പറയാമെങ്കിലും മോശപ്പെട്ട നിലയിലുള്ള വീടുകളിലാണ് വസിക്കുന്നതെന്നും 5.3% കുടുംബങ്ങൾക്കാകട്ടെ വാസയോഗ്യമെന്ന് പറയാനാകാത്തവിധം തകർന്ന വീടുകളാണുള്ളത് എന്നും 2011 സെൻസസ് കണക്കുകൾ ചൂണ്ടിക്കാട്ടിയിരുന്നു. വീടുകളുടെ ഉടമസ്ഥത പരിശോധിച്ചാൽ കേരളജനതയുടെ 9% വാടകവീടുകളിൽ കഴിയുന്നവരോ അടച്ചുറപ്പുള്ള വീടുകളേ ഇല്ലാത്തവരോ ആണെന്നും സെൻസസ് കണക്കുകൾ സൂചിപ്പിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ (2013-ൽ) ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടുള്ള പഠനത്തിൽ എല്ലാവർക്കും സുരക്ഷിതമായ വീടുകൾ നൽകുന്നതിനായി ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കപ്പെടുന്നുണ്ടെങ്കിലും ഈ ശ്രമങ്ങൾക്ക് ആവശ്യത്തിന്റെ അടുത്തെങ്ങും എത്താനാകുന്നില്ല എന്നും 4.70 ലക്ഷം കുടുംബങ്ങളാണ് കേരളത്തിൽ ഭവനരഹിതരായി തുടരുന്നതെന്നും ചൂണ്ടിക്കാട്ടിയിരുന്നു. സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ ധനസഹായപദ്ധതികളിൽ ലഭ്യമാകുന്ന ധനസഹായം ആവശ്യത്തിന് തികയാതെ വരുന്ന സ്ഥിതി ഗുണഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കിയിരുന്നത്. ഭവനനിർമ്മാണ ധനസഹായമായി വിവിധ പദ്ധതികൾ നൽകിയിരുന്ന തുക യഥാർത്ഥത്തിൽ ഒരു വീട് പണിയാൻ ആവശ്യമായ ചെലവിനേക്കാൾ വളരെക്കുറവ് (പലപ്പോഴും പകുതിയിൽ താഴെ) ആയിരുന്നു. ഗണ്യമായ തുക സ്വന്തമായി സമാഹരിക്കാതെ ഗുണഭോക്താവിന് വീട് പൂർത്തിയാക്കാനാകുമായിരുന്നില്ല. ഇത് തീർത്തും നിരാലംബരും നിർധനരുമായവർക്ക് സർക്കാർ ഭവനപദ്ധതികൾ തന്നെ അന്യമാക്കി. ഇത്തരം പദ്ധതികളിൽ നിശ്ചയിച്ചിട്ടുള്ള ചെലവുനിരക്കുകൾ മിക്കവാറും

പ്രാദേശികമായ വിലവ്യത്യാസങ്ങളോ, വീട് പണിയേണ്ട പ്രദേശം പലപ്പോഴും നല്ല ഗതാഗതമാർഗ്ഗങ്ങളിൽ ദൂരെയായിരിക്കുമെന്നതിനാൽ വരുന്ന അധിക കടത്തുകൂലി ചെലവുകളോ പോലും കണക്കാക്കുന്നവയായിരുന്നില്ല. ആയതിനാൽ കുറെയൊക്കെ തുക കടമായോ മറ്റോ കണ്ടെത്തി കൂട്ടിച്ചേർത്തു വീടുവയ്ക്കാൻ ശ്രമിക്കുന്നവർക്കുപോലും അത് പൂർത്തീകരിക്കുക ശ്രമകരമാക്കി. ഭവനനിർമ്മാണ ധനസഹായം വീടിന്റെ പണി പൂർത്തീകരിക്കുന്ന ഘട്ടങ്ങളുമായി ബന്ധപ്പെട്ടായതിനാൽ ഒന്നോ രണ്ടോ ഘട്ടത്തിന്റെ ധനസഹായം വാങ്ങുകയും അതുകൊണ്ടു പൂർത്തീകരിക്കേണ്ട ഘട്ടം മുഴുവനാക്കാൻ ആ പണം തികയാതെ വരികയും അതുകൊണ്ടുതന്നെ അടുത്ത ഘട്ട ധനസഹായത്തിന് അപേക്ഷിക്കാൻ പോലും കഴിയാതെയും വരുന്ന ധർമ്മസങ്കടമാണ് ഒട്ടേറെ ഗുണഭോക്താക്കൾ നേരിട്ടിരുന്നത്. ചെലവാക്കപ്പെട്ട പണം പോലും നിഷ്പ്രയോജനമായി മാറുന്ന വിധം പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾ ഇത്തരത്തിൽ ഏറെയുണ്ടായിരുന്നു.

ദാരിദ്ര്യംമൂലം ഉള്ള വീട് വിട്ടൊഴിഞ്ഞുപോകേണ്ടി വരുന്നവരായിരുന്നു മറ്റൊരു വിഭാഗം. മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിലേക്ക് വീടിന് സഹായാഭ്യർത്ഥനയുമായി വന്നിരുന്നത് ബഹുഭൂരിപക്ഷവും ഇത്തരത്തിലായിരുന്നു. കുടുംബാംഗങ്ങൾക്ക് രോഗമോ അപകടമോ നേരിടുക, മക്കളുടെ വിവാഹത്തിനും മറ്റുമായി പണം കണ്ടെത്തേണ്ടി വരിക തുടങ്ങിയ സാഹചര്യങ്ങളിൽ ഏകസമ്പത്തായ വീടും ഭൂമിയും വിൽപ്പന നടത്തുകയോ ഈടുവച്ച് വായ്പയെടുക്കുകയോ ചെയ്യുന്നതുവഴി ഭൂരഹിതഭവനരഹിതരായി മാറിയവരായിരുന്നു അവർ.

വീട് വെയ്ക്കാനുള്ള ഭൂമി പോലും സ്വന്തമായില്ലാത്ത വിഭാഗമായിരുന്നു സർക്കാരിന് മുമ്പിലെ മറ്റൊരു ചോദ്യചിഹ്നം. ഇവർക്ക് വീടുകൾ നൽകുന്നതിന് തടസമാകുന്ന ഒന്നാമത്തെ പ്രശ്നം കേരളത്തിലെ സ്ഥലലഭ്യതയുടെ കുറവ് തന്നെയാണ്. വീടിനുള്ള സ്ഥലം എവിടെയെങ്കിലും കണ്ടെത്തിയാൽ പോരെന്നതാണ് രണ്ടാമത്തെ പ്രശ്നം. വീടുകൾ ജീവിതോപാധിയായ തൊഴിലുകളിൽ ഏർപ്പെടുന്നതിനുകൂടി സഹായകമായ സ്ഥലത്താകണം. അല്ലാത്തപക്ഷം വൈകാതെ സർക്കാർ നൽകിയ വീട് ഉപേക്ഷിച്ച് പണികിട്ടുന്ന പ്രദേശത്തേക്ക്, നീങ്ങാൻ അവർ നിർബന്ധിതരാകുമെന്നത് പലയിടത്തും നഗരങ്ങളിലെ ചേരികൾ ഒഴിപ്പിക്കുന്നതിന് മുൻകാലത്ത് നടന്നിട്ടുള്ള പദ്ധതികൾ വ്യക്തമായിട്ടുമുണ്ട്.

മേൽപ്പറഞ്ഞ പശ്ചാത്തലത്തിലാണ് സർക്കാർ മുൻകാല ഭവനവത്കരണ പദ്ധതികളിൽ നിന്നും വ്യത്യസ്തമായ അടിസ്ഥാന സമീപനം LIFE മിഷൻ പദ്ധതിക്കായി രൂപീകരിച്ചത്. വീടിനുള്ള ധനസഹായം അടിസ്ഥാന സൗകര്യങ്ങളും അടച്ചുറപ്പുമുള്ള ഒരു വീട് പൂർത്തിയാക്കാൻ പര്യാപ്തമാകണം, വീട് നൽകുന്നതോടൊപ്പം ഗുണഭോക്താക്കളെ

അവർ നേരിടുന്ന യഥാർത്ഥമായ ജീവിതക്ലേശ ഘടകങ്ങൾ നേരിടാൻ പ്രാപ്തരാക്കുകയും കൂടിവേണം, കൃത്യമായ മാനദണ്ഡങ്ങളിലൂടെ സമൂഹത്തിലെ ദുർബലരായ യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തുന്ന രീതി ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും മുൻഗണനാ നിർണ്ണയത്തിലും പാലിക്കപ്പെടണം എന്നീ സമീപനങ്ങളാണ് LIFE മിഷന് അടിസ്ഥാനമായത്. Livelihood, Inclusion & Financial Empowerment എന്നതിന്റെ ചുരുക്കമായ LIFE എന്നപേരുതന്നെ ഈ മിഷന് സ്വീകരിച്ചതും അതുകൊണ്ടുതന്നെ ആയിരുന്നു. ചുരുക്കത്തിൽ LIFE മിഷൻ ഭവനവത്കരണ പദ്ധതി ഒരു വീടുവയ്ക്കൽ പ്രവർത്തനത്തിനപ്പുറം സമഗ്ര സാമൂഹ്യസുരക്ഷാ പദ്ധതിയായാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതുതന്നെയാണ് മറ്റ് ഭവന പദ്ധതികളിൽ നിന്നും LIFE മിഷനെ വ്യത്യസ്തമാക്കുന്നതും.

<u>LIFE മിഷൻ പദ്ധതി നിർവ്വഹണം</u>

കുടുംബശ്രീ വഴിയായി നടത്തിയ വിപുലമായ ഗുണഭോക്തൃ സർവ്വേയിലൂടെയാണ് LIFE മിഷൻ പദ്ധതിയുടെ അടിസ്ഥാന ഗുണഭോക്തൃപട്ടിക തയ്യാറാക്കപ്പെട്ടത്. പ്രസ്തുത പട്ടിക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലുമുള്ള അദാലത്തുകൾ വഴിയായി കുറവുകൾ തീർത്ത് 2017 ഡിസംബർ മാസത്തോടെ പ്രത്യേക ഗ്രാമസഭകളും വാർഡ് സഭകളും ചേർന്ന് ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ച് അന്തിമമാക്കുകയുമാണ് ചെയ്തത്. താഴെപ്പറയുന്നവയായിരുന്നു ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ.

- ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണം. ഒരു കുടുംബത്തിന് ഒരു വീടിനുമാത്രമേ അർഹതയുണ്ടാകൂ.
- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- കുടുംബത്തിന്റെ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയായിരിക്കണം.
- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലേറെയോ/നഗരസഭാ പരിധിയിൽ അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ളവരെ ഒഴിവാക്കേണ്ടതാണ്. (ഇത് പട്ടികവർഗ്ഗത്തിന് ബാധകമല്ല)
- ഉപജീവനത്തൊഴിലിനായല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- അവകാശികൾക്ക് വസ്തു ഭാഗം ചെയ്തു നൽകുകവഴി സ്വന്തം പേരിൽ സാങ്കേതികമായി മാത്രം ഭൂമിയില്ലാതായവരെ ഭൂരഹിതരായി പരിഗണിക്കരുത്.
- ഗ്രാമസഭകളുടെ അംഗീകാരത്തോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ ഭൂരഹിത ഭവനരഹിതരുടേയും സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരുടേയും പട്ടികകൾ 2018 ആദ്യപകുതിയിൽ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന ജീവിതക്ലേശ ഘടകങ്ങളാണ് പരിഗണിക്കുന്നത്.

1. മാനസികവെല്ലുവിളി നേരിടുന്നവരോ, അന്ധരോ, ശാരീരിക തളർച്ച ബാധിച്ചവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങൾ

2. അഗതികൾ

3. 40%-ത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

4. ഭിന്നലിംഗക്കാർ

5. ഗുരുതര/മാരകരോഗമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായ കുടുംബങ്ങൾ

7. രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാകാത്തവർ കുടുംബനാഥരായ കുടുംബങ്ങൾ

8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ (25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണിക്കേണ്ടതില്ല)

9. എച്ച്.ഐ.വി. ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

10. തുടർന്ന് മൂന്ന് ഘട്ടങ്ങളായാണ് LIFE മിഷൻ പദ്ധതി നിർവ്വഹണത്തിലേക്ക കടന്നത്.

<u>LIFE മിഷൻ ഫേസ്-1 അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണം</u>

സംസ്ഥാനത്ത് പൂർത്തീകരിക്കപ്പെടാതെ കിടക്കുന്ന വീടുകൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കാനുള്ള നടപടികളാണ് ആദ്യഘട്ടമായി ഏറ്റെടുത്തത്. 2001 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റേതെങ്കിലും സർക്കാർ വകുപ്പുകളോ വഴി സംസ്ഥാനത്ത് നടപ്പാക്കപ്പെട്ട 19 ഭവനപദ്ധതികളിൽ ഒരുഗഡുവെങ്കിലും ധനസഹായം ലഭ്യമാക്കിക്കൊണ്ട് നിർമ്മാണം ആരംഭിക്കുകയും ഏതെങ്കിലും കാരണവശാൽ പണിതീർക്കാനാകാതെ കിടക്കുകയും ചെയ്തിരുന്ന വീടുകളെയാണ് ഇത്തരത്തിൽ അപൂർണ്ണ ഭവനങ്ങൾ എന്നുകണക്കാക്കി LIFE മിഷന്റെ പരിഗണനയിൽ കൊണ്ടുവന്നത്. ഇതിനായി അതത് ഭവനപദ്ധതികൾ നടപ്പാക്കിയ സ്ഥാപനങ്ങൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ, ഭവനപദ്ധതി തിരിച്ച് ഇത്തരം വീടുകളുടെ കണക്ക് LIFE മിഷൻ ശേഖരിക്കുകയും അത് ഫീൽഡുതലത്തിൽ പരിശോധിക്കുകയും ചെയ്തു. ആകെ 54170 അപൂർണ്ണ ഭവനങ്ങളുടെ വിവരങ്ങളാണ് ഇങ്ങനെ ലഭ്യമാക്കാനായത്.

ഗുണഭോക്തൃകുടുംബത്തിന് എത്രയുംവേഗം മാന്യമായി കയറിപ്പാർക്കാനാകുന്ന വിധം ഈ വീടുകളുടെ പൂർത്തീകരണം ഉറപ്പാക്കാനായി അവയുടെ നിർമ്മാണം തുടങ്ങിയത് ഏത് പദ്ധതിയിലാണ് എന്ന വ്യത്യാസമില്ലാതെ എല്ലാ വീടുകളുടേയും പരമാവധി ധനസഹായം നാല് ലക്ഷം രൂപയായി നിശ്ചയിച്ചു. ഇത് നാല് ഗഡുക്കളായി തിരിച്ച്, നിലവിൽ ഗുണഭോക്താവ് ഏത് സ്റ്റേജുവരെയുള്ള ധനസഹായമാണോ കൈപ്പറ്റിയിട്ടുള്ളത് അതിനുശേഷമുള്ള ഗഡുക്കൾ പുതിയ നിരക്കിൽ കണക്കാക്കി നൽകി. സാങ്കേതികമോ നിയമപരമോ ആയ പ്രശ്നങ്ങളുള്ള വീടുകളുടെ വിഷയം പ്രത്യേകം പരിശോധിച്ച പരിഹാരമുണ്ടാക്കി നിർമ്മാണം ആരംഭിക്കുന്നതിന് പ്രാദേശിക ഇടപെടൽ സഹായം ഉറപ്പാക്കാനും നിർദ്ദേശം നൽകി. ഈ നടപടികളിലൂടെ നിലവിൽ 52055 വീടുകൾ പൂർത്തീകരിച്ചു. അതായത് സംസ്ഥാനത്ത് അപൂർണ്ണമായി കണ്ടെത്തിയ വീടുകളിൽ 96.1%വും പൂർത്തിയാക്കപ്പെട്ടുകഴിഞ്ഞു. ഇതിനായി വേണ്ടി വന്ന 670 കോടി രൂപയും സംസ്ഥാന സർക്കാരാണ് കണ്ടെത്തിയത്.

## LIFE മിഷൻ ഫേസ്-2 ഭൂമിയുള്ള ഭവനരഹിതർക്ക് വീടുകൾ

സർവ്വേയിലും അപ്പീലുകളിലും കൂടിയായി കണ്ടെത്തി ഗ്രാമസഭയും തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതിയും അംഗീകരിച്ച LIFE മിഷൻ ഗുണഭോക്തൃപ്പട്ടികയിൽ 184255 പേരാണ് ഭൂമിയുള്ള ഭവനരഹിതരായി ഉണ്ടായിരുന്നത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്തൃ സംഗമങ്ങൾ വഴിയായി ഈ ഗുണഭോക്താക്കളുടെ അർഹതാ രേഖകളുടെ (റേഷൻ കാർഡ്, ആധാർ, കൈവശാവകാശരേഖ, ബാങ്ക് അക്കൗണ്ട് വിവരം, സമ്മതപത്രം) പരിശോധന നടത്തി അർഹരായവരെ പട്ടികപ്പെടുത്തുകയും ധനസഹായ അർഹത നേടുന്ന ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് ഒന്നാം ഗഡു ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചത്. 2018-ലെ മഹാപ്രളയം കാരണമായി ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം വേണ്ടി വന്നു. എന്നാൽ 2018 നവംബറോടെ ഇത് പരിഹരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി. എങ്കിലും അർഹതാരേഖകളുടെ പരിശോധനയിൽ ആവശ്യമായ അടിസ്ഥാനരേഖകൾ ഹാജരാക്കാനാകാതെ ഒട്ടേറെപ്പേരുണ്ടായി. പ്രധാനമായും കൂട്ടുകുടുംബ റേഷൻകാർഡാണുള്ളത് എന്നതും ഉൾപ്രദേശങ്ങളിലുള്ളവർക്ക് വലിയ വരുമാനമൊന്നും കിട്ടാത്തതെങ്കിലും മിഷനിൽ നിശ്ചയിക്കപ്പെട്ട പരിധിയിലും ഏറെ ഭൂമി കൈവശമുണ്ട് എന്നതുമായിരുന്നു തടസ്സം. തുടർന്ന് ഇത് ഏറെ ബാധിച്ചിരുന്ന പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് ഈ നിബന്ധനകളിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പരിശോധനയ്ക്ക് വിധേയമായി ഇളവനുവദിച്ചു. CRZ, തണ്ണീർത്തട നിയമങ്ങൾ LIFE ഗുണഭോക്താക്കളുടെ വീടുനിർമ്മാണത്തിന് തടസ്സമാകാതെയിരി

ക്കുന്നതിനും നിർദ്ദേശം നൽകി. എന്നിരുന്നാലും നിലവിൽ 101494 ഗുണഭോക്താക്കൾ മാത്രമാണ് അർഹതാരേഖകളുടെ പരിശോധന പൂർത്തിയാക്കി ധനസഹായ അർഹത നേടിയിട്ടുള്ളത്. ഈ പരിശോധനകളോടൊപ്പം തന്നെ LIFE മിഷൻ ഗുണഭോക്തൃ വിവരശേഖരം സുരക്ഷിതമായി സൂക്ഷിക്കുന്നതിനും വിവരങ്ങൾ കൃത്യതയോടെയും ആധികാരികതയോടെയും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ, തദ്ദേശഭരണ വകുപ്പിനുകീഴിലുള്ള IKM വഴിയായി തയ്യാറാക്കുകയും അത് സ്റ്റേറ്റ് ഡേറ്റാ സെന്ററിലേക്ക് മാറ്റുകയും ചെയ്തു. ഭവന ധനസഹായത്തിന് അർഹത നേടിയ ഗുണഭോക്താക്കളുടെ അന്തിമ വിവരങ്ങൾ രേഖപ്പെടുത്തുന്നത് മുതൽ അവർക്കുള്ള ധനസഹായ ഗഡുക്കളുടെ ക്രമീകരണവും നിർമ്മാണപുരോഗതി മോണിറ്ററിങ്ങും നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പദ്ധതി വിഹിതവും വായ്പാഘടകവുമടങ്ങുന്ന ധനസഹായത്തിനുള്ള ഡിമാൻഡ് ഓൺലൈനായി സമർപ്പിക്കുന്നതിനുമൊക്കെ സൗകര്യമുള്ള ഡിജിറ്റൽ ആപ്ലിക്കേഷനാണ് ഉപയോഗിക്കപ്പെടുന്നത്. ഇതു മിഷന്റെ പ്രവർത്തനങ്ങളിലും പണമിടപാടിലും പൂർണ്ണമായ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നു.

നാലുലക്ഷം രൂപയാണ് LIFE മിഷൻ ഭവന നിർമ്മാണത്തിനായി ഗുണഭോക്താവിന് ധനസഹായമായി നൽകുന്നത്. ഇതിൽ 80,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും, 1 ലക്ഷം രൂപ സംസ്ഥാന സർക്കാർ നേരിട്ടുനൽകുന്ന വിഹിതവും 2.20 ലക്ഷം രൂപ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പാ വിഹിതവുമാണ്. വീടുണ്ടാക്കാൻ പണം കണ്ടെത്തുക മാത്രമല്ല സർക്കാർ ചെയ്തത്. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പല പ്രമുഖ ബ്രാൻഡുകളുമായി കൈകോർത്ത് 20 മുതൽ 60% വരെ കുറഞ്ഞ നിരക്കിൽ വീട് നിർമ്മാണസാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൂടി ലൈഫ് മിഷൻ കൈക്കൊണ്ടിരുന്നു. പ്രമുഖ കമ്പനികളായി ലെ ഗ്രാന്റ്, നെരോലാക്ക്, വിപ്രോ, മലബാർ സിമന്റ്, ജീറ്റ്, സ്റ്റാർ പൈപ്പ്സ്, വി-ഗാർഡ്, ഹൈക്കോണ്‍, ഏഷ്യൻ പെയിന്റ്സ്, സെറാ, ബോണ്ടെപൻ കേബിൾസ്, പ്യാരിവെയർ തുടങ്ങിയ കമ്പനികളാണ് ലൈഫുമായി ഈ ഉദ്യമത്തിൽ സഹകരിക്കുന്നത്. നിർമ്മിതികേന്ദ്രയുടെ കീഴിലുള്ള കലവറയിൽ നിന്ന് നിർമ്മാണ സാധനങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽദിനങ്ങളിൽ നിന്നും 90 ദിവസം വീടുനിർമ്മാണത്തിനായി ഉപയോഗിക്കാനുള്ള വ്യവസ്ഥയും സർക്കാർ സാധ്യമാക്കിയിട്ടുണ്ട്. ഇവയെല്ലാം ചേരുന്നതിലൂടെ അഞ്ചുലക്ഷം രൂപയിൽ കുറയാത്ത നിർമ്മാണമൂല്യമുള്ള നല്ല വീടുകളാണ് LIFE മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്നത്.

ധനസഹായ അർഹത നേടിയിട്ടുള്ളവരിൽ 92636 ഗുണഭോക്താക്കളാണ് നിലവിൽ LIFE മിഷൻ ഫേസ്-2 പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇവരിൽ 75415 പേരുടെ വീടുകൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 5512 വീടുകൾ കൂടി മേൽക്കൂര പൂർത്തിയാക്കി ഫിനിഷിങ് ഘട്ടത്തിലാണ്. ഈ വീടുകൾ പൂർണ്ണമായിത്തന്നെ സംസ്ഥാന സർക്കാരിന്റെ കൈയൊപ്പുള്ളതാണെന്ന് പറയാം. ഈ വീടുകൾക്കായി 727 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായും, 498 കോടിരൂപ സംസ്ഥാന സർക്കാർ നേരിട്ട് നൽകുന്ന വിഹിതമായും 1750 കോടിരൂപ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പാ വിഹിതമായും ചേർന്ന് ആകെ 2,975 കോടി രൂപ ചെലവായിട്ടുണ്ട്.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ പട്ടികജാതി ക്ഷേമ വകുപ്പ് 46863 ഗുണഭോക്താക്കളുടെയും പട്ടികവർഗ്ഗ വകുപ്പ് 14123 ഗുണഭോക്താക്കളുടെയും ഫിഷറീസ് വകുപ്പ് 4883 ഗുണഭോക്താക്കളുടേയും അധിക പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ഈ പട്ടികയുടെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള പരിശോധന നടന്നുവരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ വഴി ഗ്രാമപ്രദേശത്ത് ഈ പദ്ധതിയിലേക്ക് പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായി ചെറിയൊരളവ് ഫണ്ട് കേന്ദ്രസഹായമായി വരുന്നുണ്ട്. കേന്ദ്ര ധനസഹായം കൂടി ചേരുന്ന പദ്ധതി ഭാഗത്തിന് പി.എം.എ.വൈ.-ഗ്രാമീൺ ലൈഫ് എന്നാണ് പേര്. കേന്ദ്രസർക്കാർ കണക്കുപ്രകാരം ഗ്രാമപ്രദേശങ്ങളിൽ ഒരു വീടിന് നിർമ്മാണ ചെലവായി കണക്കാക്കുന്നത് 1,20,000 രൂപ മാത്രമാണ്. ഇതിന്റെ 60 ശതമാനം എന്ന നിലയിൽ 72,000 രൂപ അവർ അനുവദിക്കും. നഗരപ്രദേശങ്ങളിലെ ഒരു വീടിന് കേന്ദ്ര സർക്കാർ കണക്കാക്കിയിരിക്കുന്ന ചെലവ് 2,00,000 രൂപയാണ്. ഇതിന്റെ 75 ശതമാനം എന്ന നിലയിൽ 1,50,000 രൂപ അനുവദിക്കും. ഇതുംകൂടി ചേരുന്ന നഗരപ്രദേശ പദ്ധതിയെ പി.എം.എ.വൈ.- അർബൻ ലൈഫ് എന്നു പറയുന്നു. കേന്ദ്രത്തിന്റെ കണക്കിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ ഗ്രാമ-നഗര വ്യത്യാസമില്ലാതെ 4,00,000 രൂപയാണ് ഒരു വീടിന് ചെലവ്. ഗ്രാമ -ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിലെ 20 ശതമാനവും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള വിഹിതവും ചേർത്താണ് ഗ്രാമപ്രദേശത്ത് ബാക്കി 3,28,000 രൂപ കണ്ടെത്തുന്നത്. കേന്ദ്രസർക്കാർ നല്കുന്ന 1,50,000 രൂപയ്ക്ക് ഒപ്പം നഗരസഭകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നോ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പാവിഹിതത്തിൽ നിന്നോ ആയി 2,00,000 രൂപയും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള വിഹിതമായ 50,000 രൂപയും ചേർത്താണ് നഗരങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. അങ്ങനെ നോക്കുമ്പോൾ ഗ്രാമങ്ങളിൽ കേന്ദ്ര സർക്കാർ വിഹിതമായ 72,000 രൂപ ആകെ ചെലവിന്റെ 18 ശതമാനവും നഗരങ്ങളിലെ കേന്ദ്ര സർക്കാരിന്റെ പദ്ധതിവിഹിതമായ 1,50,000 രൂപ ചെലവിന്റെ 37.5 ശതമാനവും മാത്രമാണ്.

പി.എം.എ.വൈ. (നഗരം)-ലൈഫ് പദ്ധതിയിൽ 88024 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 48445 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി നഗരസഭകളുടെ വിഹിതമായി 1243.1 കോടിരൂപയും സംസ്ഥാന വിഹിതമായി 254.1 കോടി രൂപയും കേന്ദ്ര വിഹിതമായി 762.3 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പി.എം.എ.വൈ. (ഗ്രാമം)-ലൈഫ് പദ്ധതിയിൽ ഇക്കാലയളവിൽ 17634 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. അവയിൽ 16674 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി 466.9 കോടി രൂപയും സംസ്ഥാന വിഹിതമായി 82.3 കോടി രൂപയും കേന്ദ്രവിഹിതമായി 123.5 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്കു പുറമേ LIFE മിഷൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പട്ടികജാതി വകുപ്പ് 18874 വീടുകളും പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ 972 വീടുകളും ഫിഷറീസ് വകുപ്പിനുകീഴിൽ 3725 വീടുകളും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചു.

ഇവയെല്ലാം കൂടിച്ചേർന്ന് LIFE മിഷന്റെ നേതൃത്വത്തിൽ ആകെ 216160 വീടുകളാണ് ഇതുവരെ നമുക്ക് പൂർത്തിയാക്കാനായത്. ഇതിനായി ഇതുവരെ ചെലവായിട്ടുള്ളത് 7,520.04 കോടി രൂപയുമാണ്.

<u>LIFE മിഷൻ ഫേസ്-3 ഭൂരഹിതഭവനരഹിതരുടെ പുനരധിവാസം</u>

LIFE മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂരഹിതരും ഭവനരഹിതരുമായവരുടെ പുനരധിവാസമാണ് ലക്ഷ്യം വച്ചിട്ടുള്ളത്. സർവ്വേയിലൂടെ ഭൂരഹിതരും ഭവനരഹിതരുമായ 337416 കുടുംബങ്ങളെ കണ്ടെത്തുകയും ഇവരിൽ അർഹതാ പരിശോധനയ്ക്ക് ഹാജരായ 180865 ഗുണഭോക്താക്കളിൽ 106792 പേർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ പട്ടികജാതി ക്ഷേമ വകുപ്പ് 36040 ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളുടെയും പട്ടികവർഗ്ഗവകുപ്പ് 7173 ഗുണഭോക്താക്കളുടെയും ഫിഷറീസ് വകുപ്പ് 445 ഗുണഭോക്താക്കളുടേയും അധിക പട്ടികയുടെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള പരിശോധന നടന്നുവരുന്നു.

ഭൂരഹിതർക്ക് ഭവനം നൽകുന്നതിനുവേണ്ടി സ്വന്തമായി ഭവന സമുച്ചയമോ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഭവനങ്ങളോ നിർമ്മിക്കുന്നതിനും, സ്വന്തമായി സ്ഥലം ലഭ്യമല്ലെങ്കിൽ ആവശ്യമായ സ്ഥലം വാങ്ങുന്നതിനും, സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിന് 3 സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും LIFE ഭവന പദ്ധതിയ്ക്കായി മാറ്റിവച്ചിട്ടുള്ള 20 ശതമാനം തുക വിനിയോഗി ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മൂന്നാം ഘട്ടത്തിന്റെ പൈലറ്റ് ഓഫ് പൈലറ്റായി അടിമാലിയിൽ 217 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഒരു ഭവനസമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ അർഹരായ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും കൈമാറിക്കഴിഞ്ഞു. തൊഴിൽ വകുപ്പിനുകീഴിലുള്ള ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഈ ഭവന സമുച്ചയം നിർമ്മാണച്ചെലവുനൽകി LIFE മിഷൻ ഏറ്റെടുക്കുകയാണുചെയ്തത്. നിലവിൽ 163 ഗുണഭോക്താക്കൾക്കാണ് അവിടെ വീടുകൾ ലഭിച്ചത്. ബാക്കിയുള്ള വീടുകൾ സമീപപഞ്ചായത്തുകളിലെ ഭൂരഹിതർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

അങ്കമാലിയിൽ 12 കുടുംബങ്ങൾക്കായുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയും LIFE മിഷന്റെ സഹായത്തോടുകൂടി ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ മാതൃകയിൽ 400 അപ്പാർട്ട്മെന്റുകളടങ്ങുന്ന ഭവന സമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റ് എന്ന സംഘടനയുടെ സ്പോൺസർഷിപ്പ് സഹായത്തോടുകൂടി വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ടുമെന്റുകൾ അടങ്ങിയ ഭവനസമുച്ചയം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ LIFE മിഷന്റെ സഹായത്തോടുകൂടി 88 വീടുകളുള്ള ഭവന സമുച്ചയം നിർമ്മിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിട്ടുള്ള മാതൃകയിൽ തന്നെ 44 വീടുകളുള്ള ഒരു ഭവന സമുച്ചയം LIFE മിഷൻ സഹായത്തോടുകൂടി നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവയും വൈകാതെ നിർമ്മാണഘട്ടത്തിലേക്കു കടക്കും. മറ്റ് പത്ത് ജില്ലകളിലും LIFE മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയെല്ലാം പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആകെ 544 അപ്പാർട്ട്മെന്റുകളടങ്ങുന്ന ഈ പത്ത് ഭവനസമുച്ചയങ്ങൾക്ക് ആകെ 98.2 കോടി രൂപയാണ് അടങ്കൽ ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇവയ്ക്ക് പുറമേ 2 സുനാമി ഫ്ളാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ഭൂരഹിത ഗുണഭോക്താക്കൾക്ക് 2020 ഒക്ടോബറോടുകൂടി ഭവനം ഉറപ്പുവരുത്തുന്നതിനായി 85 ഭവന സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുവാനാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്.

ഇതിനുപുറമേ 56 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തുകയും 2 സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് ഭൂമി കൈമാറുന്നതിനും മന്ത്രിസഭായോഗം തീരുമാനിച്ചു. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുകയും 45 പ്രോജക്ടുകളുടെ സർവ്വേ നടപടികൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തു. LIFE മൂന്നാം ഘട്ടത്തിനായി സർക്കാർ ഇതുവരെ ചെലവാക്കിയത് 31 കോടിയോളം രൂപയാണ്. 448 കോടി രൂപയോളം വരുന്ന സമുച്ചയ പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## LIFE മിഷനിലെ ലൈഫ് നടപടികൾ

LIFE മിഷനെ മറ്റേതൊരു ഭവനപദ്ധതിയിൽ നിന്നും വ്യത്യസ്തമാക്കുന്നത് അതിൽ ഉൾച്ചേർത്തിട്ടുള്ള സമഗ്രമായ കരുതൽ നടപടികളാണ്. നമ്മുടെ നാട് സ്വാതന്ത്ര്യം നേടി വർഷങ്ങളിത്രയും കഴിഞ്ഞിട്ടും എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായ താമസസൗകര്യം നൽകാനായിട്ടില്ല എന്നത് ആശങ്കപ്പെടുത്തുന്ന വസ്തുതയാണ്. അതുപോലെ തന്നെ ശ്രദ്ധിക്കപ്പെടേണ്ടതായ മറ്റൊന്നാണ് ഒരിക്കൽ സ്വന്തമായി വീടുണ്ടായിരുന്നവർ പോലും സ്വന്തം കുടുംബത്തിന്റെ അത്യാവശ്യങ്ങൾ നിറവേറ്റാനായി വീട് വിറ്റ് ഭവനരഹിതരായി മാറുന്ന സാഹചര്യം. ഒട്ടേറെ സർക്കാർ ധനസഹായ പദ്ധതികൾ നാം നടപ്പാക്കുന്നുണ്ടെന്നിരിക്കെയാണ് ഇത് നമ്മുടെ നാട്ടിൽ യാഥാർത്ഥ്യമായിരിക്കുന്നത്. പദ്ധതികൾ ലളിതവത്കരിക്കാനും പൊതുജന സൗഹൃദമാക്കാനും ഒരുപാട് ശ്രമങ്ങളുണ്ടായിട്ടും, റേഷൻകാർഡ് ലഭ്യമാക്കാനാകാത്തവർ പോലും നമ്മുടെ ഇടയിലുണ്ടെന്ന് വരുമ്പോൾ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലേക്ക് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യസുരക്ഷാ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി എത്തിക്കുകയും പദ്ധതികളുടെ യഥാർത്ഥ ഫലപ്രാപ്തി ജനങ്ങളുടെ ജീവിതത്തിൽ അനുഭവവേദ്യമാക്കാനാകുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ടെന്നതാണ് അതു മനസ്സിലാക്കിത്തരുന്നത്.

അതുകൊണ്ടുതന്നെ വീടിന്റെ താക്കോൽ കൈമാറുന്നതോടെ കഴിയുന്നതല്ല LIFE മിഷന്റെ സേവനം. ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ജീവിതത്തിന് വിളക്കാവാനും മിഷൻ പരമാവധി കാര്യങ്ങൾ ചെയ്യുന്നു. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം LIFE ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും സംഘടിപ്പിച്ചത്. അർഹമായ എല്ലാ കേന്ദ്ര- സംസ്ഥാന സർക്കാർ ക്ഷേമപദ്ധതികളും സേവനങ്ങളും LIFE ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായിരുന്നു അത്. വിവിധ സർക്കാർ വകുപ്പുകളുടെ സേവനം ഒന്നിച്ച് ഒരു

കടക്കീഴിൽ ലഭ്യമാക്കുന്നതിലൂടെ ഗുണഭോക്താക്കൾക്ക് വളരെ വേഗത്തിൽ ആ സേവനങ്ങൾ ലഭ്യമാക്കാനായി എന്നതിനപ്പുറമേ വിവിധ സർക്കാർ സംവിധാനങ്ങളുടെ മുൻഗണനയിൽ LIFE ഗുണഭോക്താക്കളെ കൊണ്ടുവരാനും അതുസഹായിച്ചു. 20 സർക്കാർ വകുപ്പുകളുടെ സേവനമാണ് ഒറ്റ ദിവസത്തിൽ ലഭ്യമാക്കിയത്. റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുള്ള അപേക്ഷ മുതൽ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സ്വയം തൊഴിൽ, ബാങ്ക് അക്കൗണ്ട്, വായ്പകൾ തുടങ്ങി നിരവധിയായ സേവനങ്ങൾ അദാലത്തിലൂടെ ഗുണഭോക്താക്കൾക്ക് ലഭിച്ചു. ഒരു മണിക്കൂറിൽ റേഷൻ കാർഡ് ലഭ്യമാക്കിയ സ്ഥലങ്ങളുമുണ്ട്.

152 ബ്ലോക്കപഞ്ചായത്തുകളിൽ ഹരിപ്പാട് ഒഴികെയുള്ള 151 ബ്ലോക്ക് പഞ്ചായത്തുകളിലും 93 നഗരസഭകളിൽ ആലപ്പുഴയും ഹരിപ്പാടും ഒഴികെയുള്ള 91 നഗരസഭകളിലും 14 ജില്ലകളിലും ഉത്തരത്തിൽ ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും നടന്നു. LIFE മിഷന്റെ മൂന്ന് ഘട്ടത്തിലെയും ഗുണഭോക്താക്കളിൽ നിന്ന് 125312 പേരാണ് ഈ സംഗമങ്ങളിൽ എത്തിയത്. വിവിധ സേവനങ്ങൾക്കായി ഈ ഗുണഭോക്താക്കൾ സമർപ്പിച്ച 40258 അപേക്ഷകളിൽ 26087 എണ്ണവും അന്നേ ദിവസം തന്നെ പരിഹരിച്ച് നൽകുന്നതിനായി. ബാക്കിയുള്ള 13903 അപേക്ഷകൾക്കുമേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

LIFE മിഷന്റെ മൂന്നാംഘട്ടമായ ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളുടെ ഭവന സമുച്ചയങ്ങളിലാകട്ടെ ഉറപ്പായ വൈദ്യുതി, വെള്ളം, ശുചിത്വസൗകര്യങ്ങൾ, തുണികഴുകുന്നതിനും ഉണക്കുന്നതിനും സ്ഥലസൗകര്യം, സുരക്ഷാ സംവിധാനങ്ങൾ എന്നീ അടിസ്ഥാനാവശ്യങ്ങൾക്ക് പുറമേ മീറ്റിംഗ്ഹാൾ, പൊതുവിനോദ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്ക് പൊതുപഠനമുറി, മെഡിക്കൽ ക്ലിനിക്, ക്രഷ്/ അംഗനവാടി, വൃദ്ധജന പരിചരണ സംവിധാനം തുടങ്ങിയവ ലഭ്യമാക്കുകയും അന്തേവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായകമായ തൊഴിൽ പരിശീലനം, സ്വയം തൊഴിലുകൾ സ്വീകരിക്കാനുള്ള സഹായങ്ങൾ, നൈപുണ്യവികസന പരിപാടികൾ തുടങ്ങിയവയും ലക്ഷ്യമാക്കിയിട്ടുണ്ട്. ഇതൊക്കെ ചേർന്നാണ് LIFE മിഷനെ ജീവസ്സുറ്റ സമഗ്ര പുനരധിവാസ പദ്ധതിയാക്കുന്നത്.

<u>ഇനിമുന്നോട്ട്</u>

ഇനി ബാക്കിയുള്ള അംഗീകൃത ഗുണഭോക്താക്കളിൽ എല്ലാവർക്കും എത്രയും വേഗം വീടുകൾ ലഭ്യമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. എന്നാലതിന് കൂടുതൽ ഭൂമിയും സ്പോൺസർഷിപ്പുകളും ലഭ്യമാക്കേണ്ടതാവശ്യമാണ്. റെഡ് ക്രസന്റ് പോലെയുള്ള വലിയ സംഘടനകളും സംരംഭകരും മുതൽ സാധാരണക്കാരനായ കടയ്ക്കലിലെ അബ്ദുള്ള എന്ന സുമനസ്സനായ വ്യക്തിവരെ LIFE മിഷനുമായി സഹകരിക്കാൻ സ്വമേധയാ മുന്നോട്ട് വരുന്നത് നമുക്ക് വലിയ ഊർജ്ജമാണ് നൽകുന്നത്.

നിലവിലുള്ള ഗുണഭോക്തൃപ്പട്ടികയ്ക്ക് പുറത്ത് സാങ്കേതികകാരണങ്ങളാൽ പട്ടികയിൽ പെടാതെ പോയ ഭവനരഹിതരുണ്ട് എന്നും കാണേണ്ടതാണ്. ഇത്തരം ആളുകളെ കണ്ടെത്തി പട്ടികപ്പെടുത്താൻ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. എന്നാൽ നമുക്ക് ലഭ്യമായ ധനവിഭവവും പ്രകൃതി വിഭവങ്ങളും പരിമിതമാണെന്നതിനാൽ അനർഹരായവർ അതിൽ കടന്നുകൂടാതിരിക്കാനുള്ള ജാഗ്രതയും ആവശ്യമാണ്.

ഇത്തരം ജനോപകാരപ്രദമായ പദ്ധതികളിൽ രാഷ്ട്രീയവിവേചനമോ വിവാദമോ പാടില്ല എന്നാണ് സർക്കാരിന്റെ നിലപാട്. ജനപക്ഷത്ത് നിൽക്കുന്ന ഒരു സർക്കാരിന് അങ്ങനെ മാത്രമേ കാര്യങ്ങൾ കൈകാര്യം ചെയ്യാനാവൂ. എല്ലാ തർക്കത്തിനുമപ്പുറം എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായി തലചായ്ക്കാൻ ഒരു വീടുണ്ടോ എന്നത് മാത്രമാണ് സർക്കാർ പരിശോധിക്കുന്നത്. അവരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുക എന്നത് മാത്രമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ ഉദ്യമത്തോടൊപ്പം കൈകോർക്കാൻ എല്ലാവരും ഒരുമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കാര്യോപദേശക സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ടിലെ ശിപാർശ കളനുസരിച്ച് കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനമായ അനൗദ്യോഗികാംഗങ്ങളുടെ കാര്യം ഒഴിവാക്കിക്കൊണ്ട് 2020 മാർച്ച് 16, 17, 18, 19, 23, 24, 25 എന്നീ തീയതികളിലേക്ക് നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥനകളും പതിനാലാം കേരള നിയമ സഭാംഗമായിരുന്ന എൻ. വിജയൻ പിള്ളയുടെ നിര്യാണം സംബന്ധിച്ച റഫറൻസിനായി 2020 മാർച്ച് 10-ന് സമ്മേളിച്ചതിനാൽ ആ ദിവസത്തേക്ക് നിശ്ചയിച്ചിരുന്ന ധനാഭ്യർത്ഥനകളും 2020-2021 സാമ്പത്തികവർഷത്തെ ബജറ്റ് സംബന്ധിച്ച കേരള ധനവിനിയോഗ (രണ്ടാം നമ്പർ) ബില്ലും 2020-ലെ കേരള ധനകാര്യബില്ലും പരിഗണനയ്ക്കെടുത്തു.

<u>ധനകാര്യം:</u>

## 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനുവേണ്ടി വേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും, റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ഭൂനികുതി എന്ന VI- ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതി ക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം

നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ശ്രീ. ജി. സുധാകരൻ പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി ശ്രീ. പി. തിലോത്തമൻ ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനവും മൃഗ സംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീ. കെ. രാജു മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. എ. സി. മൊയ്തീൻ നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കൃഷിവകുപ്പ് മന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പട്ടികജാതി പട്ടിക വർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും, നിയമവും, സാംസ്കാരികവും, പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി ശ്രീ. എ. കെ. ബാലൻ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്ക് നേരെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് മേശപ്പുറത്തുവച്ചു. ധനാഭ്യർത്ഥനകൾ സഭ ചർച്ച കൂടാതെ പാസ്സാക്കി.

തുടർന്ന് ഇനിയും വോട്ടിനിടാൻ ശേഷിക്കുന്ന താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ നേരെ ധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റിലെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ സഭയുടെ വോട്ടിന് സമർപ്പിച്ചു.

I സംസ്ഥാന നിയമസഭ

IV തെരഞ്ഞെടുപ്പുകൾ

VII മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

X ട്രഷറികളും അക്കൗണ്ടുകളും

XVI പെൻഷനും പലവകയും

XXIII വാർത്താവിതരണവും പ്രചരണവും

XLIII നഷ്ടപരിഹാരവും അവകാശക്കൈമാറ്റങ്ങളും

XLV പലവക വായ്പകളും മുൻകൂറുകളും

IV, VII, X, XVI, XXIII, XLV എന്നീ നമ്പർ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ചുമതലപ്പെടുത്തിയതനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് മേശപ്പുറത്തുവച്ചു. ധനാഭ്യർത്ഥനകൾ സഭ ചർച്ച കൂടാതെ പാസ്സാക്കി.

<u>നിയമനിർമ്മാണകാര്യം :</u>

(1) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ചുമതലപ്പെടുത്തിയ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് 2020-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിച്ചു. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു തുടർന്ന് ബിൽ പരിഗണനയ്ക്കെടുക്കുകയും ചർച്ച കൂടാതെ പാസ്സാക്കുകയും ചെയ്തു.

(2) ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ചുമതലപ്പെടുത്തിയ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് 2020-ലെ കേരള ധനകാര്യ ബിൽ, 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ അവതരിപ്പിച്ചു.

ഉച്ചയ്ക്ക് 12.30-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Nineteenth Session**

# BULLETIN—PART I

(Brief Record of Proceedings)

*Friday, March 13, 2020*

**No. 219**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Obituary Reference :*

The Speaker made reference on the demise of former Governor H. R. Bhardwaj and former Member T. Nanoo Master. As a mark of respect to the deceased, the Members stood in silence for a while.

*Adjournment Motion:*

The Speaker granted permission to moving of the adjournment motion given notice of by Dr. M. K. Muneer and three other Members regarding the serious situation that demand appropriate measures to alleviate the fear and apprehension created among people due to COVID-19 spread and to solve the problems emerged.

Dr. M. K. Muneer moved the following motion and spoke.

"The House do now adjourn"

The following Members took part in the discussion.

Shri Raju Abraham

Shri Anil Akkara

Shri Chittayam Gopakumar

Shri Mathew T. Thomas

Shri Mons Joseph

Shri K. V. Abdul Khader

Shri K. S. Sabarinadhan

Shri Anoop Jacob

Shri Saji Cherian

Shri O. Rajagopal

Shri Kovoor Kunjumon

Shri K. U. Jenish Kumar

Smt. Veena George

Shri Ramesh Chennithala, Leader of Opposition.

Smt. K. K. Shailaja Teacher, Minister for Health, Social justice and Woman and Child Development replied to the points raised during discussion.

The motion was withdrawn by the leave of the House.

*Papers laid on the table :*

The following papers were laid on the Table

*i) Papers as per rule 166(1)*

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനം | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 2 | 3 | 4 |
| 1 | 74/2020 | ജി.ഒ.(എംഎസ്.) നമ്പർ 33/2020/ഹോം. | 28-1-2020 |
| 2 | 88/2020 | ജി.ഒ.(എംഎസ്.) നമ്പർ 34/2020/ഹോം. | 28-1-2020 |
| 3 | 90/2020 | ജി.ഒ.(പി) നമ്പർ 5/2020/ഹോം. | 29-1-2020 |
| 4 | 124/2020 | ഹോം-എസ്.എസ്.എ 2/278/2019-ഹോം. | 15-2-2020 |
| 5 | 153/2020 | ജി.ഒ.(എംഎസ്.) നമ്പർ 53/2020/ഹോം. | 25-2-2020 |
| 6 | 97/2020 | ജി.ഒ.(പി) നമ്പർ 8/2020/ആർഡി. | 4-2-2020 |

| | | | |
|---|---|---|---|
| 7 | 105/2020 | ജി.ഒ.(പി) നമ്പർ 11/2020/ആർ.ഡി. | 10-2-2020 |
| 8 | 72/2020 | ജി.ഒ.(പി) നമ്പർ 1/2020/എഫ്&പി.ഡി. | 4-1-2020 |
| 9 | 89/2020 | ജി.ഒ.(പി) നമ്പർ 12/2020/ടാക്സസ് | 1-2-2020 |
| 10 | 91/2020 | ജി.ഒ.(പി) നമ്പർ 14/2020/ടാക്സസ് | 1-2-2020 |
| 11 | 92/2020 | ജി.ഒ.(പി) നമ്പർ 16/2020/ടാക്സസ് | 1-2-2020 |
| 12 | 93/2020 | ജി.ഒ.(പി) നമ്പർ 18/2020/ടാക്സസ് | 1-2-2020 |
| 13 | 94/2020 | ജി.ഒ.(പി) നമ്പർ 15/2020/ടാക്സസ് | 1-2-2020 |
| 14 | 95/2020 | ജി.ഒ.(പി) നമ്പർ 17/2020/ടാക്സസ് | 1-2-2020 |
| 15 | 96/2020 | ജി.ഒ.(പി) നമ്പർ 13/2020/ടാക്സസ് | 1-2-2020 |
| 16 | 106/2020 | സ.ഉ.(പി) നമ്പർ 22/2020/നി.വ. | 6-2-2020 |
| 17 | 108/2020 | ജി.ഒ.(പി) നമ്പർ 20/2020/ടാക്സസ് | 6-2-2020 |
| 18 | 109/2020 | ജി.ഒ.(പി) നമ്പർ 21/2020/ടാക്സസ് | 6-2-2020 |
| 19 | 85/2020 | ജി.ഒ.(ആർ.റ്റി) നമ്പർ 26/2020/ലോ | 6-1-2020 |
| 20 | 110/2020 | ജി.ഒ.(ആർ.റ്റി) നമ്പർ 25/2020/ലോ | 6-1-2020 |
| 21 | 33/2020 | സ.ഉ.(അച്ചടി) നമ്പർ 1/2020/സാ.നി.വ. | 6-1-2020 |
| 22 | 67/2020 | ജി.ഒ.(പി) നമ്പർ 06/2020/റ്റി.ഡി. | 23-1-2020 |
| 23 | 471/2019 | ജി.ഒ.(പി) നമ്പർ 63/2019/എൽ.ബി.ആർ. | 22-6-2019 |
| 24 | 130/2020 | ജി.ഒ.(പി) നമ്പർ 22/2020/എൽ.ബി.ആർ. | 7-2-2020 |
| 25 | 400/2019 | ജി.ഒ.(പി) നമ്പർ 56/2019/കോ-ഓപ്. | 24-5-2019 |
| 26 | 38/2020 | ജി.ഒ.(പി) നമ്പർ 105/2019/കോ-ഓപ്. | 1-10-2019 |
| 27 | 55/2020 | ജി.ഒ.(പി) നമ്പർ 2/2020/കോ-ഓപ്. | 13-1-2020 |
| 28 | 79/2020 | ജി.ഒ.(പി) നമ്പർ 3/2020/കോ-ഓപ്. | 14-1-2020 |
| 29 | 81/2020 | ജി.ഒ.(പി) നമ്പർ 6/2020/കോ-ഓപ്. | 21-1-2020 |
| 30 | 585/2019 | ജി.ഒ.(പി) നമ്പർ 10/2019/ എഫ്&ഡബ്ല്യു.എൽ.ഡി. | 27-8-2019 |
| 31 | 112/2020 | ജി.ഒ.(പി) നമ്പർ 3/2020/പവർ. | 5-2-2020 |

*ii. Reports of various institutions:*

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ട് | |
|---|---|---|---|
| | | വർഷം | സ്വഭാവം |
| 1 | കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡ് (ഹാൻവീവ്) | 2018-19 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും |
| 2 | കേരള സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് ലിമിറ്റഡ് | 2016-17<br>2017-18 | വാർഷിക റിപ്പോർട്ട് |
| 3 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2016-17 | ഭരണ റിപ്പോർട്ട് |

*(iii) Acts assented to by Govemor among bills passed by the Assembly :*

| ക്രമ നമ്പർ | ആക്റ്റ് | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2020 | 1 | 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റ് |
| 2 | 2020 | 2 | 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 3 | 2020 | 3 | 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |

*iv. The answers to the following questions along with the statements showing the reason for delay in submitting themon time were laid under Rule 47 (2):*

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യനമ്പർ |
|---|---|---|
| 14 | 10 | 3662 |
| 14 | 14 | 2525 |
| 14 | 16 | 411, 500, 797, 4092, 4117 |
| 14 | 18 | 395, 481 |

*Presentation of Reports*

1) Shri S. Sarma, Chairman, Estimates Committee presented Twenty Fourth Report of the Committee.

2) Shri Chittayam Gopakumar, Chairman, Committee on the Welfare of Backward Class Communities presented the Seventh to Tenth Reports of the Committee.

3) Shri Pinarayi Vijayan, Chief Minister presented the Nineteenth Report of the Business Advisory Committee which met on 13-3-2020 at 8.30 a.m.

*Consideration of Report:*

Shri Pinarayi Vijayan, Chief Minister moved the motion to consider the Nineteenth Report of the Business Advisory Committee.

Shri M. Ummer and Shri K. C. Joseph moved the motions that the House disagrees with the Nineteenth Report of the Business Advisory Committee and moved amendments that the report be referred back to the Committee.

The following Members took part in the discussion.

1. Shri P. T. Thomas

2. Shri Thiruvanchoor Radhakrishnan

3. Shri Ramesh Chennithala, Leader of Opposition.

4. Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes, Law, Culture and Parliamentary Affairs.

Shri Pinarayi Vijayan, Chief Minister replied to the points raised in the discussion.

The amendments were declared lost and the House adopted the Nineteenth Report of the Business Advisory Committee.

(In protest of the adoption of the recommendation of the Business Advisory Committee that the House may be temporarily adjourned guillioting the rest of the sittings, the Opposition boycotted the rest of the proceedings.)

*Statement Under Rule 300 :*

Shri Pinarayi Vijayan, Chief Minister laid on the table the following statement under Rule 300, regarding the LIFE Mission Project.

കേരള വികസനത്തിൽ സുസ്ഥിരത കൈവരിക്കുകയും മുന്നോട്ടുള്ള പാതയിൽ എല്ലാ വിഭാഗം ആളുകളെയും ഒപ്പം ചേർക്കുകയും വരുംതലമുറയെ നാളത്തെ വെല്ലുവിളികൾ നേരിടാൻ സജ്ജരാക്കുകയും ചെയ്യുകയെന്ന വിശാലമായ ലക്ഷ്യം മുൻനിർത്തിയാണ് നവകേരളം കർമ്മ പദ്ധതി എന്ന പൊതുവായ പ്രവർത്തന പരിപാടിക്കും അതിനുള്ളിലായി ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം, ലൈഫ് എന്നിങ്ങനെ നാല് മിഷനുകൾക്കും സർക്കാർ രൂപംകൊടുത്തത്. ഇതിൽ സമൂഹത്തിലെ ഏറ്റവും ദുർബ്ബലരായ ഭവനരഹിതരുടെ പുനരധിവാസം മുൻനിർത്തി പ്രവർത്തിച്ച LIFE മിഷൻ നിലവിൽ രണ്ടുലക്ഷത്തിലേറെ കുടുംബങ്ങൾക്ക് വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുക എന്ന വലിയൊരു നാഴികക്കല്ല് പിന്നിട്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ ഏറ്റവുമധികം പിന്നോക്കാവസ്ഥയിലുള്ള വലിയൊരു വിഭാഗം ജനങ്ങളുടെ ജീവിതത്തിന് സുരക്ഷയും സമാധാനവും പകരുന്ന പ്രവർത്തനമെന്ന നിലയ്ക്ക് മറ്റെല്ലാ വ്യത്യാസങ്ങൾക്കും അപ്പുറത്ത് എല്ലാവരും ഒന്നിച്ചുനിന്ന് നടപ്പാക്കേണ്ട പ്രവർത്തനമാണ് LIFE മിഷൻ ഭവനപദ്ധതി. എന്നാൽ ഇത്തരത്തിലൊരു നേട്ടം ഇക്കാര്യത്തിൽ സംസ്ഥാനത്തിന് കൈവരിക്കാനായ അവസരത്തിലും അതുസംബന്ധിച്ച് പലതരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പല കോണിൽനിന്നും ഉയരുകയുണ്ടായി. ഈ സാഹചര്യത്തിൽ LIFE മിഷൻ ഭവന പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച പ്രസ്താവന ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

<u>പശ്ചാത്തലം</u>

ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യർക്ക് ഏറ്റവും പ്രധാനമായ ആവശ്യമാണ് പാർപ്പിടം. അത് വെയിലും മഴയുമേല്ക്കാതിരിക്കാനുള്ള സങ്കേതം മാത്രമല്ല, സുരക്ഷിതവും മാന്യവുമായ ജീവിതത്തിനുള്ള അടിസ്ഥാനവും സമൂഹത്തിന്റെ പൊതുനന്മയും പുരോഗതിക്കുമായുള്ള പ്രവർത്തനങ്ങളിൽ ക്രിയാത്മക പങ്കാളികളാകുന്ന നല്ല പൗരജനങ്ങളായി നമ്മുടെ ജനതയെ നിലനിർത്താൻ സഹായിക്കുന്ന സാമൂഹികഘടകവും കൂടിയാണ്. അതുകൊണ്ടുതന്നെ എല്ലാവർക്കും സുരക്ഷിതമായ വീടുകളുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ട് എന്ന ബോധ്യത്തിൽ നിന്നാണ് ഈ സർക്കാർ LIFE മിഷൻ ഭവന പദ്ധതിക്ക് രൂപം നൽകിയത്.

ആരോഗ്യ സേവനങ്ങളും വിദ്യാഭ്യാസ സൗകര്യവും ഗ്രാമ-നഗര വ്യത്യാസമില്ലാതെ സംസ്ഥാനത്ത് എവിടെയും ലഭ്യമാക്കുന്നതിനും ന്യായമായ ചെലവിൽ ഗുണമേന്മയോടുകൂടി ഈ സേവനങ്ങൾ എല്ലാ പൗരജനങ്ങൾക്കും ലഭ്യമാകുന്നു എന്ന് ഉറപ്പാക്കാനും കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ വിവിധ വകുപ്പുകൾ വഴിയായി ഓരോ വർഷവും

ഭവന പദ്ധതികൾ നടപ്പാക്കിയിരുന്നിട്ടും എല്ലാവർക്കും സുരക്ഷിതമായും നിർഭയമായും ജീവിക്കാനാകുന്ന വീടുകളുണ്ടെന്ന് ഉറപ്പാക്കുക എത്തിപ്പിടിക്കാനാകാത്ത പ്രശ്നമായി തുടരുന്ന നിലയാണ് കേരളം നേരിട്ടിരുന്നത്. കേരളത്തിന്റെ ഭവനവത്കരണരംഗം വ്യത്യസ്തങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന മേഖലയാണെന്നതും ആ പ്രശ്നങ്ങളെ ശരിയായി വിലയിരുത്തുകയും വ്യതിരിക്തമായ ഓരോ പ്രശ്നങ്ങൾക്കും തനതായ പരിഹാരങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ സമഗ്രമായ പരിഹാരം സാദ്ധ്യമാകു എന്നതുമായിരുന്നു അതിന് കാരണം. അതുകൊണ്ടുതന്നെ ഭവനവത്കരണമെന്ന ലക്ഷ്യത്തിനുപരിയായ ഒരു സമഗ്രപരിപാടിയായാണ് LIFE മിഷൻ പദ്ധതി രൂപീകരിച്ചത്.

<u>സമീപനം</u>

കേരളത്തിലുള്ള ആകെ കുടുംബങ്ങളിൽ 28.4% കുടുംബങ്ങൾ വാസയോഗ്യമെന്ന് പറയാമെങ്കിലും മോശപ്പെട്ട നിലയിലുള്ള വീടുകളിലാണ് വസിക്കുന്നതെന്നും 5.3% കുടുംബങ്ങൾക്കാകട്ടെ വാസയോഗ്യമെന്ന് പറയാനാകാത്തവിധം തകർന്ന വീടുകളാണുള്ളത് എന്നും 2011 സെൻസസ് കണക്കുകൾ ചൂണ്ടിക്കാട്ടിയിരുന്നു. വീടുകളുടെ ഉടമസ്ഥത പരിശോധിച്ചാൽ കേരളജനതയുടെ 9% വാടകവീടുകളിൽ കഴിയുന്നവരോ അടച്ചുറപ്പുള്ള വീടുകളേ ഇല്ലാത്തവരോ ആണെന്നും സെൻസസ് കണക്കുകൾ സൂചിപ്പിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ (2013-ൽ) ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റ് നടത്തിയിട്ടുള്ള പഠനത്തിൽ എല്ലാവർക്കും സുരക്ഷിതമായ വീടുകൾ നൽകുന്നതിനായി ഒട്ടേറെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കപ്പെടുന്നുണ്ടെങ്കിലും ഈ ശ്രമങ്ങൾക്ക് ആവശ്യത്തിന്റെ അടുത്തെങ്ങും എത്താനാകുന്നില്ല എന്നും 4.70 ലക്ഷം കുടുംബങ്ങളാണ് കേരളത്തിൽ ഭവനരഹിതരായി തുടരുന്നതെന്നും ചൂണ്ടിക്കാട്ടിയിരുന്നു. സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ ധനസഹായപദ്ധതികളിൽ ലഭ്യമാകുന്ന ധനസഹായം ആവശ്യത്തിന് തികയാതെ വരുന്ന സ്ഥിതി ഗുണഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ടാണുണ്ടാക്കിയിരുന്നത്. ഭവനനിർമ്മാണ ധനസഹായമായി വിവിധ പദ്ധതികൾ നൽകിയിരുന്ന തുക യഥാർത്ഥത്തിൽ ഒരു വീട് പണിയാൻ ആവശ്യമായ ചെലവിനേക്കാൾ വളരെക്കുറവ് (പലപ്പോഴും പകുതിയിൽ താഴെ) ആയിരുന്നു. ഗണ്യമായ തുക സ്വന്തമായി സമാഹരിക്കാതെ ഗുണഭോക്താവിന് വീട് പൂർത്തിയാക്കാനാകുമായിരുന്നില്ല. ഇത് തീർത്തും നിരാലംബരും നിർധനരുമായവർക്ക് സർക്കാർ ഭവനപദ്ധതികൾ തന്നെ അന്യമാക്കി. ഇത്തരം പദ്ധതികളിൽ നിശ്ചയിച്ചിട്ടുള്ള ചെലവുനിരക്കുകൾ മിക്കവാറും, പ്രാദേശികമായ വിലവ്യത്യാസങ്ങളോ, വീട് പണിയേണ്ട പ്രദേശം പലപ്പോഴും നല്ല ഗതാഗതമാർഗ്ഗങ്ങളിൽ ദൂരെയായിരിക്കുമെന്നതിനാൽ വരുന്ന അധിക കടത്തുകൂലി ചെലവുകളോ പോലും കണക്കാക്കുന്നവയായിരുന്നില്ല. ആയതിനാൽ കുറെയൊക്കെ തുക കടമായോ മറ്റോ കണ്ടെത്തി കൂട്ടിച്ചേർത്തു വീടുവയ്ക്കാൻ ശ്രമിക്കുന്നവർക്കുപോലും അത്

പൂർത്തീകരിക്കുക ശ്രമകരമാക്കി. ഭവനനിർമ്മാണ ധനസഹായം വീടിന്റെ പണി പൂർത്തീകരിക്കുന്ന ഘട്ടങ്ങളുമായി ബന്ധപ്പെട്ടായതിനാൽ ഒന്നോ രണ്ടോ ഘട്ടത്തിന്റെ ധനസഹായം വാങ്ങുകയും അതുകൊണ്ടു പൂർത്തീകരിക്കേണ്ട ഘട്ടം മുഴുവനാക്കാൻ ആ പണം തികയാതെ വരികയും അതുകൊണ്ടുതന്നെ അടുത്ത ഘട്ട ധനസഹായത്തിന് അപേക്ഷിക്കാൻ പോലും കഴിയാതെയും വരുന്ന ധർമ്മസങ്കടമാണ് ഒട്ടേറെ ഗുണഭോക്താക്കൾ നേരിട്ടിരുന്നത്. ചെലവാക്കപ്പെട്ട പണം പോലും നിഷ്പ്രയോജനമായി മാറുന്ന വിധം പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾ ഇത്തരത്തിൽ ഏറെയുണ്ടായിരുന്നു.

ദാരിദ്ര്യംമൂലം ഉള്ള വീട് വിട്ടൊഴിഞ്ഞുപോകേണ്ടി വരുന്നവരായിരുന്നു മറ്റൊരു വിഭാഗം. മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിലേക്ക് വീടിന് സഹായാഭ്യർത്ഥനയുമായി വന്നിരുന്നത് ഭൂരിപക്ഷവും ഇത്തരത്തിലായിരുന്നു. കുടുംബാംഗങ്ങൾക്ക് രോഗമോ അപകടമോ നേരിടുക, മക്കളുടെ വിവാഹത്തിനും മറ്റുമായി പണം കണ്ടെത്തേണ്ടി വരിക തുടങ്ങിയ സാഹചര്യങ്ങളിൽ ഏകസമ്പത്തായ വീടും ഭൂമിയും വിൽപ്പന നടത്തുകയോ ഈടുവച്ച് വായ്പയെടുക്കുകയോ ചെയ്യുന്നതുവഴി ഭൂരഹിതഭവനരഹിതരായി മാറിയവരായിരുന്നു അവർ.

വീട് വെയ്ക്കാനുള്ള ഭൂമി പോലും സ്വന്തമായില്ലാത്ത വിഭാഗമായിരുന്നു സർക്കാരിന് മുമ്പിലെ മറ്റൊരു ചോദ്യചിഹ്നം. ഇവർക്ക് വീടുകൾ നൽകുന്നതിന് തടസമാകുന്ന ഒന്നാമത്തെ പ്രശ്നം കേരളത്തിലെ സ്ഥലലഭ്യതയുടെ കുറവ് തന്നെയാണ്. വീടിനുള്ള സ്ഥലം എവിടെയെങ്കിലും കണ്ടെത്തിയാൽ പോരെന്നതാണ് രണ്ടാമത്തെ പ്രശ്നം. വീടുകൾ ജീവിതോപാധിയായ തൊഴിലുകളിൽ ഏർപ്പെടുന്നതിനുകൂടി സഹായകമായ സ്ഥലത്താകണം. അല്ലാത്തപക്ഷം വൈകാതെ സർക്കാർ നൽകിയ വീട് ഉപേക്ഷിച്ച് പണികിട്ടുന്ന പ്രദേശത്തേക്ക്, നീങ്ങാൻ അവർ നിർബന്ധിതരാകുമെന്നത് പലയിടത്തും നഗരങ്ങളിലെ ചേരികൾ ഒഴിപ്പിക്കുന്നതിന് മുൻകാലത്ത് നടന്നിട്ടുള്ള പദ്ധതികൾ വ്യക്തമായിട്ടുമുണ്ട്.

മേൽപ്പറഞ്ഞ പശ്ചാത്തലത്തിലാണ് സർക്കാർ മുൻകാല ഭവനവത്കരണ പദ്ധതികളിൽ നിന്നും വ്യത്യസ്തമായ അടിസ്ഥാന സമീപനം LIFE മിഷൻ പദ്ധതിക്കായി രൂപീകരിച്ചത്. വീടിനുള്ള ധനസഹായം അടിസ്ഥാന സൗകര്യങ്ങളും അടച്ചുറപ്പുമുള്ള ഒരു വീട് പൂർത്തിയാക്കാൻ പര്യാപ്തമാകണം, വീട് നൽകുന്നതോടൊപ്പം ഗുണഭോക്താക്കളെ അവർ നേരിടുന്ന യഥാർത്ഥമായ ജീവിതക്ലേശ ഘടകങ്ങൾ നേരിടാൻ പ്രാപ്തരാക്കുകയും കൂടിവേണം, കൃത്യമായ മാനദണ്ഡങ്ങളിലൂടെ സമൂഹത്തിലെ ദുർബലരായ യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തുന്ന രീതി ഗുണഭോക്തൃ തെരഞ്ഞെടുപ്പിലും മുൻഗണനാ നിർണ്ണയത്തിലും പാലിക്കപ്പെടണം എന്നീ സമീപനങ്ങളാണ് LIFE മിഷന് അടിസ്ഥാനമായത്. Livelihood, Inclusion & Financial Empowerment എന്നതിന്റെ

ചുരുക്കമായ LIFE എന്നപേരുതന്നെ ഈ മിഷന് സ്വീകരിച്ചതും അതുകൊണ്ടുതന്നെ ആയിരുന്നു. ചുരുക്കത്തിൽ LIFE മിഷൻ ഭവനവത്കരണ പദ്ധതി ഒരു വീടുവയ്പ്പൽ പ്രവർത്തനത്തിനപ്പുറം സമഗ്ര സാമൂഹ്യസുരക്ഷാ പദ്ധതിയായാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതുതന്നെയാണ് മറ്റ് ഭവന പദ്ധതികളിൽ നിന്നും LIFE മിഷനെ വ്യത്യസ്തമാക്കുന്നതും.

LIFE മിഷൻ പദ്ധതി നിർവ്വഹണം

കുടുംബശ്രീ വഴിയായി നടത്തിയ വിപുലമായ ഗുണഭോക്തൃ സർവ്വേയിലൂടെയാണ് LIFE മിഷൻ പദ്ധതിയുടെ അടിസ്ഥാന ഗുണഭോക്തൃപട്ടിക തയ്യാറാക്കപ്പെട്ടത്. പ്രസ്തുത പട്ടിക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലുമുള്ള അദാലത്തുകൾ വഴിയായി കുറവുകൾ തീർത്ത് 2017 ഡിസംബർ മാസത്തോടെ പ്രത്യേക ഗ്രാമസഭകളും വാർഡ് സഭകളും ചേർന്ന് ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ച് അന്തിമമാക്കുകയുമാണ് ചെയ്തത്. താഴെപ്പറയുന്നവയായിരുന്നു ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ.

- ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒരു കുടുംബമായി പരിഗണിക്കണം. ഒരു കുടുംബത്തിന് ഒരു വീടിനുമാത്രമേ അർഹതയുണ്ടാകൂ.
- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- കുടുംബത്തിന്റെ വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയായിരിക്കണം.
- ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലേറെയോ/നഗരസഭാ പരിധിയിൽ അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ളവരെ ഒഴിവാക്കേണ്ടതാണ്. (ഇത് പട്ടികവർഗ്ഗത്തിന് ബാധകമല്ല)
- ഉപജീവനത്തൊഴിലിനായല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.
- അവകാശികൾക്ക് വസ്തു ഭാഗം ചെയ്തു നൽകുകവഴി സ്വന്തം പേരിൽ സാങ്കേതികമായി മാത്രം ഭൂമിയില്ലാതായവരെ ഭൂരഹിതരായി പരിഗണിക്കരുത്.
- ഗ്രാമസഭകളുടെ അംഗീകാരത്തോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ ഭൂരഹിത ഭവനരഹിതരുടേയും സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരുടേയും പട്ടികകൾ 2018 ആദ്യപകുതിയിൽ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിക്കുന്നതിന് താഴെപ്പറയുന്ന ജീവിതക്ലേശ ഘടകങ്ങളാണ് പരിഗണിക്കുന്നത്.

1. മാനസികവെല്ലുവിളി നേരിടുന്നവരോ, അന്ധരോ, ശാരീരിക തളർച്ച ബാധിച്ചവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങൾ

2. അഗതികൾ

3. 40%-ത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

4. ഭിന്നലിംഗക്കാർ

5. ഗുരുതര/മാരകരോഗമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായ കുടുംബങ്ങൾ

7. രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാകാത്തവർ കുടുംബനാഥരായ കുടുംബങ്ങൾ

8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ (25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണിക്കേണ്ടതില്ല)

9. എച്ച്.ഐ.വി. ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

10. തുടർന്ന് മൂന്ന് ഘട്ടങ്ങളായാണ് LIFE മിഷൻ പദ്ധതി നിർവ്വഹണത്തിലേക്ക കടന്നത്.

<u>LIFE മിഷൻ ഫേസ്-1 അപൂർണ്ണ ഭവനങ്ങളുടെ പൂർത്തീകരണം</u>

സംസ്ഥാനത്ത് പൂർത്തീകരിക്കപ്പെടാതെ കിടക്കുന്ന വീടുകൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കാനുള്ള നടപടികളാണ് ആദ്യഘട്ടമായി ഏറ്റെടുത്തത്. 2001 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ മറ്റേതെങ്കിലും സർക്കാർ വകുപ്പുകളോ വഴി സംസ്ഥാനത്ത് നടപ്പാക്കപ്പെട്ട 19 ഭവനപദ്ധതികളിൽ ഒരുഗഡുവെങ്കിലും ധനസഹായം ലഭ്യമാക്കിക്കൊണ്ട് നിർമ്മാണം ആരംഭിക്കുകയും ഏതെങ്കിലും കാരണവശാൽ പണിതീർക്കാനാകാതെ കിടക്കുകയും ചെയ്തിരുന്ന വീടുകളെയാണ് ഇത്തരത്തിൽ അപൂർണ്ണ ഭവനങ്ങൾ എന്നുകണക്കാക്കി LIFE മിഷന്റെ പരിഗണനയിൽ കൊണ്ടുവന്നത്. ഇതിനായി അതത് ഭവനപദ്ധതികൾ നടപ്പാക്കിയ സ്ഥാപനങ്ങൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ, ഭവനപദ്ധതി തിരിച്ച് ഇത്തരം വീടുകളുടെ കണക്ക് LIFE മിഷൻ ശേഖരിക്കുകയും അത് ഫീൽഡുതലത്തിൽ പരിശോധിക്കുകയും ചെയ്തു. ആകെ 54170 അപൂർണ്ണ ഭവനങ്ങളുടെ വിവരങ്ങളാണ് ഇങ്ങനെ ലഭ്യമാക്കാനായത്.

ഗുണഭോക്തൃകുടുംബത്തിന് എത്രയുംവേഗം മാന്യമായി കയറിപ്പാർക്കാനാകുന്ന വിധം, ഈ വീടുകളുടെ പൂർത്തീകരണം ഉറപ്പാക്കാനായി അവയുടെ നിർമ്മാണം തുടങ്ങിയത് ഏത് പദ്ധതിയിലാണ് എന്ന വ്യത്യാസമില്ലാതെ എല്ലാ വീടുകളുടേയും പരമാവധി ധനസഹായം നാല് ലക്ഷം രൂപയായി നിശ്ചയിച്ചു. ഇത് നാല് ഗഡുക്കളായി തിരിച്ച്, നിലവിൽ

ഗുണഭോക്താവ് ഏത് സ്റ്റേജുവരെയുള്ള ധനസഹായമാണോ കൈപ്പറ്റിയിട്ടുള്ളത് അതിനുശേഷമുള്ള ഗഡുക്കൾ പുതിയ നിരക്കിൽ കണക്കാക്കി നൽകി. സാങ്കേതികമോ നിയമപരമോ ആയ പ്രശ്നങ്ങളുള്ള വീടുകളുടെ വിഷയം പ്രത്യേകം പരിശോധിച്ച് പരിഹാരമുണ്ടാക്കി നിർമ്മാണം ആരംഭിക്കുന്നതിന് പ്രാദേശിക ഇടപെടൽ സഹായം ഉറപ്പാക്കാനും നിർദ്ദേശം നൽകി. ഈ നടപടികളിലൂടെ നിലവിൽ 52055 വീടുകൾ പൂർത്തീകരിച്ചു. അതായത് സംസ്ഥാനത്ത് അപൂർണ്ണമായി കണ്ടെത്തിയ വീടുകളിൽ 96.1%വും പൂർത്തിയാക്കപ്പെട്ടുകഴിഞ്ഞു. ഇതിനായി വേണ്ടി വന്ന 670 കോടി രൂപയും സംസ്ഥാന സർക്കാരാണ് കണ്ടെത്തിയത്.

<u>LIFE മിഷൻ ഫേസ്-2 ഭൂമിയുള്ള ഭവനരഹിതർക്ക് വീടുകൾ</u>

സർവ്വേയിലും അപ്പീലുകളിലും കൂടിയായി കണ്ടെത്തി ഗ്രാമസഭയും തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതിയും അംഗീകരിച്ച LIFE മിഷൻ ഗുണഭോക്തൃപ്പട്ടികയിൽ 184255 പേരാണ് ഭൂമിയുള്ള ഭവനരഹിതരായി ഉണ്ടായിരുന്നത്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഗുണഭോക്തൃ സംഗമങ്ങൾ വഴിയായി ഈ ഗുണഭോക്താക്കളുടെ അർഹതാ രേഖകളുടെ (റേഷൻ കാർഡ്, ആധാർ, കൈവശാവകാശരേഖ, ബാങ്ക് അക്കൗണ്ട് വിവരം, സമ്മതപത്രം) പരിശോധന നടത്തി അർഹരായവരെ പട്ടികപ്പെടുത്തുകയും ധനസഹായ അർഹത നേടുന്ന ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് ഒന്നാം ഗഡു ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്ന രീതിയാണ് സ്വീകരിച്ചത്. 2018-ലെ മഹാപ്രളയം കാരണമായി ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം വേണ്ടി വന്നു. എന്നാൽ 2018 നവംബറോടെ ഇത് പരിഹരിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനായി. എങ്കിലും അർഹതാരേഖകളുടെ പരിശോധനയിൽ ആവശ്യമായ അടിസ്ഥാനരേഖകൾ ഹാജരാക്കാനാകാതെ ഒട്ടേറെപ്പേരുണ്ടായി. പ്രധാനമായും കൂട്ടുകുടുംബ റേഷൻകാർഡാണുള്ളത് എന്നതും ഉൾപ്രദേശങ്ങളിലുള്ളവർക്ക് വലിയ വരുമാനമൊന്നും കിട്ടാത്തതെങ്കിലും മിഷനിൽ നിശ്ചയിക്കപ്പെട്ട പരിധിയിലും ഏറെ ഭൂമി കൈവശമുണ്ട് എന്നതുമായിരുന്നു തടസ്സം. തുടർന്ന് ഇത് ഏറെ ബാധിച്ചിരുന്ന പട്ടികജാതി, പട്ടിക വർഗ്ഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്ക് ഈ നിബന്ധനകളിൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പരിശോധനയ്ക്ക് വിധേയമായി ഇളവനുവദിച്ചു. CRZ, തണ്ണീർത്തട നിയമങ്ങൾ LIFE ഗുണഭോക്താക്കളുടെ വീടുനിർമ്മാണത്തിന് തടസ്സമാകാതെയിരിക്കുന്നതിനും നിർദ്ദേശം നൽകി. എന്നിരുന്നാലും നിലവിൽ 101494 ഗുണഭോക്താക്കൾ മാത്രമാണ് അർഹതാരേഖകളുടെ പരിശോധന പൂർത്തിയാക്കി ധനസഹായ അർഹത നേടിയിട്ടുള്ളത്. ഈ പരിശോധനകളോടൊപ്പം തന്നെ LIFE മിഷൻ ഗുണഭോക്തൃ

വിവരശേഖരം സുരക്ഷിതമായി സൂക്ഷിക്കുന്നതിനും വിവരങ്ങൾ കൃത്യതയോടെയും ആധികാരികതയോടെയും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ, തദ്ദേശഭരണ വകുപ്പിനുകീഴിലുള്ള IKM വഴിയായി തയ്യാറാക്കുകയും അത് സ്റ്റേറ്റ് ഡേറ്റാ സെന്ററിലേക്ക് മാറ്റുകയും ചെയ്യു. ഭവന ധനസഹായത്തിന് അർഹത നേടിയ ഗുണഭോക്താക്കളുടെ അന്തിമ വിവരങ്ങൾ രേഖപ്പെടുത്തുന്നത് മുതൽ അവർക്കുള്ള ധനസഹായ ഗഡുക്കളുടെ ക്രമീകരണവും നിർമ്മാണപുരോഗതി മോണിറ്ററിങ്ങും നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന പദ്ധതി വിഹിതവും വായ്പാഘടകവുമടങ്ങുന്ന ധനസഹായത്തിനുള്ള ഡിമാൻഡ് ഓൺലൈനായി സമർപ്പിക്കുന്നതിനുമൊക്കെ സൗകര്യമുള്ള ഡിജിറ്റൽ ആപ്ലിക്കേഷനാണ് ഉപയോഗിക്കപ്പെടുന്നത്. ഇതു മിഷന്റെ പ്രവർത്തനങ്ങളിലും പണമിടപാടിലും പൂർണ്ണമായ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നു.

നാലുലക്ഷം രൂപയാണ് LIFE മിഷൻ ഭവന നിർമ്മാണത്തിനായി ഗുണഭോക്താവിന് ധനസഹായമായി നൽകുന്നത്. ഇതിൽ 80,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും, 1 ലക്ഷം രൂപ സംസ്ഥാന സർക്കാർ നേരിട്ടുനൽകുന്ന വിഹിതവും 2.20 ലക്ഷം രൂപ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പാ വിഹിതവുമാണ്. വീടുണ്ടാക്കാൻ പണം കണ്ടെത്തുക മാത്രമല്ല സർക്കാർ ചെയ്യുത്. വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി പല പ്രമുഖ ബ്രാൻഡുകളുമായി കൈകോർത്ത് 20 മുതൽ 60% വരെ കുറഞ്ഞ നിരക്കിൽ വീട് നിർമ്മാണസാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൂടി ലൈഫ് മിഷൻ കൈക്കൊണ്ടിരുന്നു. പ്രമുഖ കമ്പനികളായി ലെ ഗ്രാന്റ്, നെരോലാക്ക്, വിപ്രോ, മലബാർ സിമന്റ്, ജീറ്റ്, സ്റ്റാർ പൈപ്പ്സ്, വി-ഗാർഡ്, ഹൈകോണ്ട്, ഏഷ്യൻ പെയിന്റ്സ്, സെറാ, ബോണ്ടെപൻ കേബിൾസ്, പ്യാരിവെയർ തുടങ്ങിയ കമ്പനികളാണ് ലൈഫുമായി ഈ ഉദ്യമത്തിൽ സഹകരിക്കുന്നത്. നിർമ്മിതികേന്ദ്രയുടെ കീഴിലുള്ള കലവറയിൽ നിന്ന് നിർമ്മാണ സാധനങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽദിനങ്ങളിൽ നിന്നും 90 ദിവസം വീടുനിർമ്മാണത്തിനായി ഉപയോഗിക്കാനുള്ള വ്യവസ്ഥയും സർക്കാർ സാധ്യമാക്കിയിട്ടുണ്ട്. ഇവയെല്ലാം ചേരുന്നതിലൂടെ അഞ്ചുലക്ഷം രൂപയിൽ കുറയാത്ത നിർമ്മാണമൂല്യമുള്ള നല്ല വീടുകളാണ് LIFE മിഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്നത്.

ധനസഹായ അർഹത നേടിയിട്ടുള്ളവരിൽ 92636 ഗുണഭോക്താക്കളാണ് നിലവിൽ LIFE മിഷൻ ഫേസ്-2 പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇവരിൽ 75415 പേരുടെ വീടുകൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

5512 വീടുകൾ കൂടി മേൽക്കൂര പൂർത്തിയാക്കി ഫിനിഷിങ് ഘട്ടത്തിലാണ്. ഈ വീടുകൾ പൂർണ്ണമായിത്തന്നെ സംസ്ഥാന സർക്കാരിന്റെ കൈയൊപ്പുള്ളതാണെന്ന് പറയാം. ഈ വീടുകൾക്കായി 727 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായും, 498 കോടിരൂപ സംസ്ഥാന സർക്കാർ നേരിട്ട് നൽകുന്ന വിഹിതമായും 1750 കോടിരൂപ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പാ വിഹിതമായും ചേർന്ന് ആകെ 2,975 കോടി രൂപ ചെലവായിട്ടുണ്ട്.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ പട്ടികജാതി ക്ഷേമ വകുപ്പ് 46863 ഗുണഭോക്താക്കളുടെയും പട്ടികവർഗ്ഗ വകുപ്പ് 14123 ഗുണഭോക്താക്കളുടെയും ഫിഷറീസ് വകുപ്പ് 4883 ഗുണഭോക്താക്കളുടേയും അധിക പട്ടിക ലഭ്യമാക്കിയിട്ടുണ്ട്. ഈ പട്ടികയുടെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള പരിശോധന നടന്നുവരുന്നു.

ബ്ലോക്ക് പഞ്ചായത്തുകൾ വഴി ഗ്രാമപ്രദേശത്ത് ഈ പദ്ധതിയിലേക്ക് പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായി ചെറിയൊരളവ് ഫണ്ട് കേന്ദ്രസഹായമായി വരുന്നുണ്ട്. കേന്ദ്ര ധനസഹായം കൂടി ചേരുന്ന പദ്ധതി ഭാഗത്തിന് പി.എം.എ.വൈ.-ഗ്രാമീൺ ലൈഫ് എന്നാണ് പേര്. കേന്ദ്രസർക്കാർ കണക്കുപ്രകാരം ഗ്രാമപ്രദേശങ്ങളിൽ ഒരു വീടിന് നിർമ്മാണ ചെലവായി കണക്കാക്കുന്നത് 1,20,000 രൂപ മാത്രമാണ്. ഇതിന്റെ 60 ശതമാനം എന്ന നിലയിൽ 72,000 രൂപ അവർ അനുവദിക്കും. നഗരപ്രദേശങ്ങളിലെ ഒരു വീടിന് കേന്ദ്ര സർക്കാർ കണക്കാക്കിയിരിക്കുന്ന ചെലവ് 2,00,000 രൂപയാണ്. ഇതിന്റെ 75 ശതമാനം എന്ന നിലയിൽ 1,50,000 രൂപ അനുവദിക്കും. ഇതുംകൂടി ചേരുന്ന നഗരപ്രദേശ പദ്ധതിയെ പി.എം.എ.വൈ.- അർബൻ ലൈഫ് എന്നു പറയുന്നു. കേന്ദ്രത്തിന്റെ കണക്കിൽ നിന്നു വ്യത്യസ്തമായി കേരളത്തിൽ ഗ്രാമ-നഗര വ്യത്യാസമില്ലാതെ 4,00,000 രൂപയാണ് ഒരു വീടിന് ചെലവ്. ഗ്രാമ -ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിലെ 20 ശതമാനവും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള വിഹിതവും ചേർത്താണ് ഗ്രാമപ്രദേശത്ത് ബാക്കി 3,28,000 രൂപ കണ്ടെത്തുന്നത്. കേന്ദ്രസർക്കാർ നല്കുന്ന 1,50,000 രൂപയ്ക്ക് ഒപ്പം നഗരസഭകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതത്തിൽ നിന്നോ ഹഡ്കോ മുഖേന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്ന വായ്പാവിഹിതത്തിൽ നിന്നോ ആയി 2,00,000 രൂപയും സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള വിഹിതമായ 50,000 രൂപയും ചേർത്താണ് നഗരങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. അങ്ങനെ നോക്കുമ്പോൾ ഗ്രാമങ്ങളിൽ കേന്ദ്ര സർക്കാർ വിഹിതമായ 72,000 രൂപ ആകെ ചെലവിന്റെ 18 ശതമാനവും നഗരങ്ങളിലെ കേന്ദ്ര സർക്കാരിന്റെ പദ്ധതിവിഹിതമായ 1,50,000 രൂപ ചെലവിന്റെ 37.5 ശതമാനവും മാത്രമാണ്.

പി.എം.എ.വൈ. (നഗരം)-ലൈഫ് പദ്ധതിയിൽ 88024 വീടുകളുടെ നിർമ്മാണം ആരംഭിക്കുകയും 48445 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി നഗരസഭകളുടെ വിഹിതമായി 1243.1 കോടിരൂപയും സംസ്ഥാന വിഹിതമായി 254.1 കോടി രൂപയും കേന്ദ്ര വിഹിതമായി 762.3 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. പി.എം.എ.വൈ. (ഗ്രാമം)-ലൈഫ് പദ്ധതിയിൽ ഇക്കാലയളവിൽ 17634 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. അവയിൽ 16674 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി 466.9 കോടി രൂപയും സംസ്ഥാന വിഹിതമായി 82.3 കോടി രൂപയും കേന്ദ്രവിഹിതമായി 123.5 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്കു പുറമേ LIFE മിഷൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പട്ടികജാതി വകുപ്പ് 18874 വീടുകളും പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ 972 വീടുകളും ഫിഷറീസ് വകുപ്പിനുകീഴിൽ 3725 വീടുകളും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിച്ചു.

ഇവയെല്ലാം കൂടിച്ചേർന്ന് LIFE മിഷന്റെ നേതൃത്വത്തിൽ ആകെ 216160 വീടുകളാണ് ഇതുവരെ നമുക്ക് പൂർത്തിയാക്കാനായത്. ഇതിനായി ഇതുവരെ ചെലവായിട്ടുള്ളത് 7,520.04 കോടി രൂപയുമാണ്.

<u>LIFE മിഷൻ ഫേസ്-3 ഭൂരഹിതഭവനരഹിതരുടെ പുനരധിവാസം</u>

LIFE മിഷൻ മൂന്നാം ഘട്ടത്തിൽ ഭൂരഹിതരും ഭവനരഹിതരുമായവരുടെ പുനരധിവാസമാണ് ലക്ഷ്യം വച്ചിട്ടുള്ളത്. സർവ്വേയിലൂടെ ഭൂരഹിതരും ഭവനരഹിതരുമായ 337416 കുടുംബങ്ങളെ കണ്ടെത്തുകയും ഇവരിൽ അർഹതാ പരിശോധനയ്ക്ക് ഹാജരായ 180865 ഗുണഭോക്താക്കളിൽ 106792 പേർ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ പട്ടികജാതി ക്ഷേമ വകുപ്പ് 36040 ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളുടെയും പട്ടികവർഗ്ഗവകുപ്പ് 7173 ഗുണഭോക്താക്കളുടെയും ഫിഷറീസ് വകുപ്പ് 445 ഗുണഭോക്താക്കളുടെയും അധിക പട്ടികയുടെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള പരിശോധന നടന്നുവരുന്നു.

ഭൂരഹിതർക്ക് ഭവനം നൽകുന്നതിനുവേണ്ടി സ്വന്തമായി ഭവന സമുച്ചയമോ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ഭവനങ്ങളോ നിർമ്മിക്കുന്നതിനും, സ്വന്തമായി സ്ഥലം ലഭ്യമല്ലെങ്കിൽ ആവശ്യമായ സ്ഥലം വാങ്ങുന്നതിനും, സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിന് 3 സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും LIFE ഭവന പദ്ധതിയ്ക്കായി മാറ്റിവച്ചിട്ടുള്ള 20 ശതമാനം തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

മൂന്നാം ഘട്ടത്തിന്റെ പൈലറ്റ് ഓഫ് പൈലറ്റായി അടിമാലിയിൽ 217 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഒരു ഭവനസമുച്ചയം പൂർത്തീകരിച്ച് അടിമാലി ഗ്രാമപഞ്ചായത്തിലെ അർഹരായ മുഴുവൻ ഭൂരഹിത ഭവനരഹിതർക്കും കൈമാറിക്കഴിഞ്ഞു. തൊഴിൽ വകുപ്പിനുകീഴിലുള്ള ഭവനം ഫൗണ്ടേഷൻ നിർമ്മിച്ച ഈ ഭവന സമുച്ചയം നിർമ്മാണച്ചെലവുനൽകി LIFE മിഷൻ ഏറ്റെടുക്കുകയാണുചെയ്തത്. നിലവിൽ 163 ഗുണഭോക്താക്കൾക്കാണ് അവിടെ വീടുകൾ ലഭിച്ചത്. ബാക്കിയുള്ള വീടുകൾ സമീപപഞ്ചായത്തുകളിലെ ഭൂരഹിതർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

അങ്കമാലിയിൽ 12 കുടുംബങ്ങൾക്കായുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയും LIFE മിഷന്റെ സഹായത്തോടുകൂടി ബെനിഫിഷ്യറി ലെഡ് കൺസ്ട്രക്ഷൻ മാതൃകയിൽ 400 അപ്പാർട്ട്മെന്റുകളടങ്ങുന്ന ഭവന സമുച്ചയ നിർമ്മാണം ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ റെഡ് ക്രസന്റ് എന്ന സംഘടനയുടെ സ്പോൺസർഷിപ്പ് സഹായത്തോടുകൂടി വടക്കാഞ്ചേരി നഗരസഭയിൽ 140 അപ്പാർട്ടുമെന്റുകൾ അടങ്ങിയ ഭവനസമുച്ചയം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന രാമേശ്വരം വില്ലേജിൽ LIFE മിഷന്റെ സഹായത്തോടുകൂടി 88 വീടുകളുള്ള ഭവന സമുച്ചയം നിർമ്മിക്കുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വരുന്ന കരിമഠം കോളനിയിൽ നിലവിൽ കോർപ്പറേഷൻ നിർമ്മിച്ച് നൽകിയിട്ടുള്ള മാതൃകയിൽ തന്നെ 44 വീടുകളുള്ള ഒരു ഭവന സമുച്ചയം LIFE മിഷൻ സഹായത്തോടുകൂടി നിർമ്മിച്ചുനൽകുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇവയും വൈകാതെ നിർമ്മാണഘട്ടത്തിലേക്കു കടക്കും. മറ്റ് പത്ത് ജില്ലകളിലും LIFE മിഷന്റെ നേതൃത്വത്തിൽ പൈലറ്റായി നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയെല്ലാം പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ആകെ 544 അപ്പാർട്ട്മെന്റുകളടങ്ങുന്ന ഈ പത്ത് ഭവനസമുച്ചയങ്ങൾക്ക് ആകെ 98.2 കോടി രൂപയാണ് അടങ്കൽ ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇവയ്ക്ക് പുറമേ 2 സുനാമി ഫ്ളാറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ ഭൂരഹിത ഗുണഭോക്താക്കൾക്ക് 2020 ഒക്ടോബറോടുകൂടി ഭവനം ഉറപ്പുവരുത്തുന്നതിനായി 85 ഭവന സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുവാനാണ് ഇപ്പോൾ സർക്കാർ ലക്ഷ്യമിടുന്നത്.

ഇതിനുപുറമേ 56 സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ വിവിധ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തുകയും 2 സേവന വകുപ്പുകൾ തമ്മിലുള്ള. ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന് ഭൂമി കൈമാറുന്നതിനും മന്ത്രിസഭായോഗം തീരുമാനിച്ച ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടൻസിയെ ടെണ്ടർ മുഖേന തെരഞ്ഞെടുക്കുകയും 45 പ്രോജക്ടുകളുടെ സർവ്വേ നടപടികൾ ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തു. LIFE മൂന്നാം ഘട്ടത്തിനായി സർക്കാർ ഇതുവരെ ചെലവാക്കിയത് 31 കോടിയോളം രൂപയാണ്. 448 കോടി രൂപയോളം വരുന്ന സമുച്ചയ പദ്ധതികൾക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## LIFE മിഷനിലെ ലൈഫ് നടപടികൾ

LIFE മിഷനെ മറ്റേതൊരു ഭവനപദ്ധതിയിൽ നിന്നും വ്യത്യസ്തമാക്കുന്നത് അതിൽ ഉൾച്ചേർത്തിട്ടുള്ള സമഗ്രമായ കരുതൽ നടപടികളാണ്. നമ്മുടെ നാട് സ്വാതന്ത്ര്യം നേടി വർഷങ്ങളിത്രയും കഴിഞ്ഞിട്ടും എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായ താമസസൗകര്യം നൽകാനായിട്ടില്ല എന്നത് ആശങ്കപ്പെടുത്തുന്ന വസ്തുതയാണ്. അതുപോലെ തന്നെ ശ്രദ്ധിക്കപ്പെടേണ്ടതായ മറ്റൊന്നാണ് ഒരിക്കൽ സ്വന്തമായി വീടുണ്ടായിരുന്നവർ പോലും സ്വന്തം കുടുംബത്തിന്റെ അത്യാവശ്യങ്ങൾ നിറവേറ്റാനായി വീട് വിറ്റ് ഭവനരഹിതരായി മാറുന്ന സാഹചര്യം. ഒട്ടേറെ സർക്കാർ ധനസഹായ പദ്ധതികൾ നാം നടപ്പാക്കുന്നുണ്ടെന്നിരിക്കെയാണ് ഇത് നമ്മുടെ നാട്ടിൽ യാഥാർത്ഥ്യമായിരിക്കുന്നത്. പദ്ധതികൾ ലളിതവത്കരിക്കാനും പൊതുജന സൗഹൃദമാക്കാനും ഒരുപാട് ശ്രമങ്ങളുണ്ടായിട്ടും, റേഷൻകാർഡ് ലഭ്യമാക്കാനാകാത്തവർ പോലും നമ്മുടെ ഇടയിലുണ്ടെന്ന് വരുമ്പോൾ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലേക്ക് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യസുരക്ഷാ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി എത്തിക്കുകയും പദ്ധതികളുടെ യഥാർത്ഥ ഫലപ്രാപ്തി ജനങ്ങളുടെ ജീവിതത്തിൽ അനുഭവവേദ്യമാക്കാനാകുന്നു എന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ടെന്നതാണ് അതു മനസ്സിലാക്കിത്തരുന്നത്.

അതുകൊണ്ടുതന്നെ വീടിന്റെ താക്കോൽ കൈമാറുന്നതോടെ കഴിയുന്നതല്ല LIFE മിഷന്റെ സേവനം. ഗുണഭോക്താക്കൾക്ക് തുടർന്നുള്ള ജീവിതത്തിന് വിളക്കാവാനും മിഷൻ പരമാവധി കാര്യങ്ങൾ ചെയ്യുന്നു. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തുടനീളം LIFE ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും സംഘടിപ്പിച്ചത്. അർഹമായ എല്ലാ കേന്ദ്ര- സംസ്ഥാന സർക്കാർ ക്ഷേമപദ്ധതികളും സേവനങ്ങളും LIFE ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായിരുന്നു അത്. വിവിധ സർക്കാർ വകുപ്പുകളുടെ സേവനം ഒന്നിച്ച് ഒരു

കടക്കീഴിൽ ലഭ്യമാക്കുന്നതിലൂടെ ഗുണഭോക്താക്കൾക്ക് വളരെ വേഗത്തിൽ ആ സേവനങ്ങൾ ലഭ്യമാക്കാനായി എന്നതിനുപുറമേ വിവിധ സർക്കാർ സംവിധാനങ്ങളുടെ മുൻഗണനയിൽ LIFE ഗുണഭോക്താക്കളെ കൊണ്ടുവരാനും അതുസഹായിച്ചു. 20 സർക്കാർ വകുപ്പുകളുടെ സേവനമാണ് ഒറ്റ ദിവസത്തിൽ ലഭ്യമാക്കിയത്. റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുള്ള അപേക്ഷ മുതൽ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, സ്വയം തൊഴിൽ, ബാങ്ക് അക്കൗണ്ട്, വായ്പകൾ തുടങ്ങി നിരവധിയായ സേവനങ്ങൾ അദാലത്തിലൂടെ ഗുണഭോക്താക്കൾക്ക് ലഭിച്ചു. ഒരു മണിക്കൂറിൽ റേഷൻ കാർഡ് ലഭ്യമാക്കിയ സ്ഥലങ്ങളുമുണ്ട്.

152 ബ്ലോക്കുപഞ്ചായത്തുകളിൽ ഹരിപ്പാട് ഒഴികെയുള്ള 151 ബ്ലോക്ക് പഞ്ചായത്തുകളിലും 93 നഗരസഭകളിൽ ആലപ്പുഴയും ഹരിപ്പാടും ഒഴികെയുള്ള 91 നഗരസഭകളിലും 14 ജില്ലകളിലും ഇത്തരത്തിൽ ഗുണഭോക്താക്കളുടെ കുടുംബസംഗമവും അദാലത്തും നടന്നു. LIFE മിഷന്റെ മൂന്ന് ഘട്ടത്തിലേയും ഗുണഭോക്താക്കളിൽ നിന്ന് 125312 പേരാണ് ഈ സംഗമങ്ങളിൽ എത്തിയത്. വിവിധ സേവനങ്ങൾക്കായി ഈ ഗുണഭോക്താക്കൾ സമർപ്പിച്ച 40258 അപേക്ഷകളിൽ 26087 എണ്ണവും അന്നേ ദിവസം തന്നെ പരിഹരിച്ച് നൽകുന്നതിനായി. ബാക്കിയുള്ള 13903 അപേക്ഷകൾക്കുമേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചുവരുന്നു.

LIFE മിഷന്റെ മൂന്നാംഘട്ടമായ ഭൂരഹിതഭവനരഹിത ഗുണഭോക്താക്കളുടെ ഭവന സമുച്ചയങ്ങളിലാകട്ടെ ഉറപ്പായ വൈദ്യുതി, വെള്ളം, ശുചിത്വസൗകര്യങ്ങൾ, തുണികഴുകുന്നതിനും ഉണക്കുന്നതിനും സ്ഥലസൗകര്യം, സുരക്ഷാ സംവിധാനങ്ങൾ എന്നീ അടിസ്ഥാനാവശ്യങ്ങൾക്ക് പുറമേ മീറ്റിംഗ്ഹാൾ, പൊതുവിനോദ സൗകര്യങ്ങൾ, വിദ്യാർത്ഥികൾക്ക് പൊതുപഠനമുറി, മെഡിക്കൽ ക്ലിനിക്, ക്രഷ്/ അംഗനവാടി, വൃദ്ധജന പരിചരണ സംവിധാനം തുടങ്ങിയവ ലഭ്യമാക്കുകയും അന്തേവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായകമായ തൊഴിൽ പരിശീലനം, സ്വയം തൊഴിലുകൾ സ്വീകരിക്കാനുള്ള സഹായങ്ങൾ, നൈപുണ്യവികസന പരിപാടികൾ തുടങ്ങിയവയും ലക്ഷ്യമാക്കിയിട്ടുണ്ട്. ഇതൊക്കെ ചേർന്നാണ് LIFE മിഷനെ ജീവസ്സുറ്റ സമഗ്ര പുനരധിവാസ പദ്ധതിയാക്കുന്നത്.

ഇനിമുന്നോട്ട്

ഇനി ബാക്കിയുള്ള അംഗീകൃത ഗുണഭോക്താക്കളിൽ എല്ലാവർക്കും എത്രയും വേഗം വീടുകൾ ലഭ്യമാക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. എന്നാലതിന് കൂടുതൽ ഭൂമിയും സ്പോൺസർഷിപ്പുകളും ലഭ്യമാക്കേണ്ടതാവശ്യമാണ്. റെഡ് ക്രസന്റ് പോലെയുള്ള വലിയ സംഘടനകളും സംരംഭകരും മുതൽ സാധാരണക്കാരനായ കടയ്ക്കലിലെ അബൂള്ള എന്ന സുമനസ്സുനായ വ്യക്തിവരെ LIFE മിഷനുമായി സഹകരിക്കാൻ സ്വമേധയാ മുന്നോട്ട് വരുന്നത് നമുക്ക് വലിയ ഊർജ്ജമാണ് നൽകുന്നത്.

നിലവിലുള്ള ഗുണഭോക്തൃപ്പട്ടികയ്ക്ക് പുറത്ത് സാങ്കേതികകാരണങ്ങളാൽ പട്ടികയിൽ പെടാതെ പോയ ഭവനരഹിതരുണ്ട് എന്നും കാണേണ്ടതാണ്. ഇത്തരം ആളുകളെ കണ്ടെത്തി പട്ടികപ്പെടുത്താൻ നടപടികൾ ഉടനെ ആരംഭിക്കുന്നതാണ്. എന്നാൽ നമുക്ക് ലഭ്യമായ ധനവിഭവവും പ്രകൃതി വിഭവങ്ങളും പരിമിതമാണെന്നതിനാൽ അനർഹരായവർ അതിൽ കടന്നുകൂടാതിരിക്കാനുള്ള ജാഗ്രതയും ആവശ്യമാണ്.

ഇത്തരം ജനോപകാരപ്രദമായ പദ്ധതികളിൽ രാഷ്ട്രീയവിവേചനമോ വിവാദമോ പാടില്ല എന്നാണ് സർക്കാരിന്റെ നിലപാട്. ജനപക്ഷത്ത് നിൽക്കുന്ന ഒരു സർക്കാരിന് അങ്ങനെ മാത്രമേ കാര്യങ്ങൾ കൈകാര്യം ചെയ്യാനാവൂ. എല്ലാ തർക്കത്തിനുമപ്പുറം എല്ലാ കുടുംബങ്ങൾക്കും സുരക്ഷിതമായി തലചായ്ക്കാൻ ഒരു വീടുണ്ടോ എന്നത് മാത്രമാണ് സർക്കാർ പരിശോധിക്കുന്നത്. അവരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുക എന്നത് മാത്രമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ ഉദ്യമത്തോടൊപ്പം കൈകോർക്കാൻ എല്ലാവരും ഒരുമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

In accordance with the recommendations contained in the Nineteenth Report of the Business Advisory Committee, the House cancelled the next item in the List of Business, the Private Members' Business and considered the voting of the Demands for Grants scheduled for 16, 17, 18, 19, 23, 24 and 25 of March 2020 and also the Demands for Grants scheduled on 10th March 2020 as the House adjourned on that day after the reference on the demise of N. Vijayan Pillai, Member, and also the Appropriation Bill in respect of the Budget for the year 2020-21, and the Kerala Finance Bill, 2020 and the Kerala Finance (No.2) Bill 2020.

*Financial Business:*

Discussion and Voting on Demands for Grants in the Budget for the financial year 2020-2021.

Prof. C. Raveendranath, Minister for General Education as authorised by DR. T. M. Thomas Isaac, Minister for Finance and Coir moved Demand No.V-Goods and Services Tax, Agricultural Income Tax and Sales Tax, Shri E. Chandrasekharan, Minister for Revenue and Housing moved Demand No. VI-Land Revenue, Demand No. XI-District Administration and Miscellaneous, Demand No.XXI-Housing, Demand No. XXVI-Relief on Account of Natural Calamities, Demand No. XXVIII-Miscellaneous Economic Services,

Smt. K. K. Shailaja Teacher, Minister for Health, Social justice and Woman and Child Development moved Demand No. XVIII-Medical and Public Health, Demand No. XIX-Family Welfare,Demand No.XLVI-Social Security and Welfare, Shri G. Sudhakaran, Minister for Public Works and Registration moved Demand No.XV-Public Works, Shri Ramachandran Kadannappalli, Minister for Ports, Museums and Archaeology moved Demand No. XL-Ports, Shri P. Thilothaman, Minister for Food and Civil Supplies moved Demand No. XXX-Food, Shri K. Raju, Minister for Forest, Animal Husbandry and Zoos moved Demand No. XXXI-Animal Husbandry, Demand No. XXXII-Dairy, XXXIV-Forest, Shri A. C. Moideen, minister for Local Self Governments moved Demand No. XXII-Urban Development, Demand No. XXXV-Panchayat, Demand No. XXXVI-Rural Development, Prof. C. Raveendranath, Minister for General Education moved Demand No. XVII-Education, Sports, Art and Culture, Shri K. Krishnankutty, Minister for Water Resources moved Demand No. XX-Water Supply and Sanitation and Demand No. XXXVIII-Irrigation, Shri V. S. Sunil Kumar, Minister for Agriculture moved Demand No. XXIX-Agriculture, Shri T. P. Ramakrishnan, Minister for Labour and Excise moved Demand No.VIII-Excise, Demand No.XXIV-Labour, Labour Welfare and Welfare Non-Residents and Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, backward Classes, Law, Culture and Parliamentary Affairs moved Demand no. XXV-Welfare of Scheduled Castes/Scheduled Tribes/Other Backward Classes and Minorities for the amounts shown against them under column No. 5 in the statement of Demands for Grants.

As authorised by DR. T. M. Thomas Isaac, Minister for Finance and Coir, Prof. C. Raveendranath, Minister for General Education laid on the table statements under Rule 236(3) with regard to above Demands. The Demands were passed by the House without discussion.

Then the Demands for Grants of all the remaining Demands were put to vote in the following order for the amounts shown respectively against them under column (5) of the statement of the Demands for Grants.

I-State Legislature

IV-Elections

VII-Stamps and Registrations

X-Treasury and Accounts

XVI-Pension and Miscellaneous

XXIII-Information and Publicity

XLIII-Compensations and Assignments

XLV-Miscellaneous Loans and Advances

As authorised by DR. T. M. Thomas Isaac, Minister for Finance and Coir, Prof. C. Raveendranath, Minister for General Education laid on the table the statements under Rule 236(3) with regard to the Demand Nos. IV, VII, X, XVI, XXIII and XLV.

The Demands were then passed without discussion.

*Legislative Business :*

(1) As authorised by DR. T. M. Thomas Isaac, Minister for Finance and Coir Prof. C. Raveendranath, Minister for General Education introduced The Kerala Appropriation (No. 2) Bill, 2020 and moved that the Bill be taken up for consideration. Then the Bill was considered and passed without any amendments.

(2) As authorised by DR. T. M. Thomas Isaac, Minister for Finance and Coir Prof. C. Raveendranath, Minister for General Education introduced The Kerala Finance Bill and The Kerala Finance (No. 2) Bill 2020.

The House adjourned sine die at 12.30 p.m.

S.V.UNNIKRISHNAN NAIR,
*Secretary.*